# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 11 Issue - 04 April 2022



## മുൾക്കിരീടമോ പൊൻകിരീടമോ ഏതാണ് കരണീയം ?

പേജ് 11

വില 20 രൂപ

# കൂട്ടായ്മയുടെ അനിവാര്യത

സാമൂഹ്യജീവിയായ മനുഷ്യന് പരസ്പര സഹായവും സഹകരണവും കൂടിയേ തീരൂ. ഒറ്റപ്പെട്ടവനായി അവന് ജീവിക്കുവാൻ കഴിയുകയില്ല. ആത്മീയ ജീവിതത്തിന്റെയും നട്ടെല്ല് ദൈവമക്കളുടെ കൂട്ടായ്മയാണ്. ദൈവസ്നേഹത്തിന്റെ നിറവിലുള്ള പരസ്പര സഹായത്തിന്റെയും സഹകരണത്തിന്റെയും ജീവിതശൈലിയാണ് ആത്മീയ കൂട്ടായ്മ എന്നത്. ഈ ലോകത്തിൽ, ക്രിസ്തുവിന് അവകാശപ്പെട്ടവരായി വേർപെട്ടു വിശുദ്ധജീവിതം നയിക്കുന്നതിന് ശക്തി പകരുന്നത് ദൈവമക്കളുടെ കൂട്ടായ്മാബന്ധം ആണ്. അന്യോന്യം സ്നേഹിക്കുക എന്ന കർത്താവിന്റെ കല്പനയാണ് ഈ കൂട്ടായ്മയുടെ അടിത്തറ.

ദൈവമക്കളുടെ കൂട്ടായ്മാബന്ധത്തെ ശിഥിലപ്പെടുത്തുവാനുള്ള പിശാചിന്റെ തന്ത്രങ്ങൾക്കെതിരെ നമുക്ക് വളരെ ജാഗ്രത ആവശ്യമാണ്. നാം ഒരു കുടുംബം എന്ന ചിന്തയിൽ പരസ്പരം ചേർത്തുപിടിക്കുന്ന ദൈവസ്നേഹത്തിന്റെ ഊഷ്മളത നമ്മിൽ കുറയുവാൻ പാടില്ല. എന്നാൽ അപ്രകാരമുള്ള കൂട്ടായ്മാബന്ധത്തിന് ഇന്ന് വളരെ ക്ഷതം സംഭവിച്ചിരിക്കുന്നു എന്നതാണ് വാസ്തവം. ദൈവമക്കൾ അതേക്കുറിച്ച് ബോധവാന്മാരാകുകയും ഉണരുകയും വേണം, ആത്മിക പിൻമാറ്റം നമ്മിൽ ആർക്കും സംഭവിക്കാതവണ്ണം നാമോരോരുത്തരും അന്യോന്യം പ്രബോധിപ്പിക്കുകയും ഉത്സാഹിപ്പിക്കുകയും ചെയ്യേണ്ടവരാണ് .

വിശ്വാസവീരനും വിശ്വാസികളുടെ പിതാവുമായ അബ്രഹാമിന് പ്രതിസന്ധികളുടെ നടുവിൽ പതർച്ച ഉണ്ടായി. മിസ്രയീമിലേക്കു പോകുവാനുള്ള ഭോഷത്വ തീരുമാനം അദ്ദേഹം എടുക്കുവാൻ ഇടയായി. നമുക്ക് ഇന്ന് ലഭിച്ചിരിക്കുന്നതുപോലുള്ള ആത്മീയ കൂട്ടായ്മ അദ്ദേഹത്തിന് ലഭ്യമല്ലായിരുന്നല്ലോ... ഏകനായിരുന്നിട്ടും പറ്റിയ തെറ്റുകൾ തിരുത്തി അദ്ദേഹം വിശ്വാസവീരനായി ഉയർന്നു. അത് നമുക്ക് ഒരു വെല്ലുവിളി ആയിരിക്കട്ടെ. സാഹചര്യ സമ്മർദ്ദത്തിൽ പെട്ട് നമ്മുടെ ആത്മീയ ജീവിതത്തിന്റെ ലക്ഷ്യം തെറ്റരുത് എന്ന ഈ ലക്കത്തിലെ സന്ദേശം നമുക്ക് ബുദ്ധി ഉപദേശം ആയിരിക്കട്ടെ. കൂട്ടായ്മാബന്ധത്തെ ശക്തിപ്പെടുത്തി, ദൈവകൃപയുടെ നിറവിൽ നിന്നും കരുത്താർജ്ജിച്ച് നമ്മുടെ ലക്ഷ്യത്തിലേക്ക് ശക്തരായി മുന്നേറുവാൻ ഇടയാകട്ടെ.

കേരളത്തിലെ പെന്തക്കോസ്തു ഉണർവിന്റെ ആദ്യകാലത്തു വിശ്വാസികൾ പുലർത്തിയിരുന്ന ആഴമേറിയ കൂട്ടായ്മാബന്ധം മറ്റനേകരെ ഈ മാർഗ്ഗത്തിലേക്കു ആകർഷിക്കുകയും, അത് ദൈവസഭയുടെ വളർച്ചക്ക് കാരണമായി ഭവിക്കുകയും ചെയ്തു. എന്നാൽ, ഇന്ന് നാമമാത്രമായ സ്നേഹബന്ധമല്ലേ നാം പുലർത്തുന്നുള്ളൂ? ഏകരായി വിശ്വാസത്തിൽ ഇറങ്ങിയവരെ സ്വന്തകുടുംബക്കാർ തിരസ്കരിച്ച പശ്ചാത്തലത്തിൽ പോലും ദൈവസഭ അവരെ ചേർത്തുപിടിച്ചു, അവരുടെ ആവശ്യങ്ങൾ സ്വന്തമെന്ന വണ്ണം കണ്ടു നിർവ്വഹിച്ചു കൊടുത്തു. ഇതവരുടെ ആത്മീകഭാവിയെ ഭാസുരമാക്കുകയും, നല്ല സാക്ഷ്യമുള്ളവരായി ജീവിക്കുവാൻ പ്രചോദനം ഏകുകയും ചെയ്തു. അന്ധകാരം നിറഞ്ഞ ഇന്നത്തെ സാഹചര്യത്തിൽ ക്രൂശിലെ സ്നേഹത്തിലേക്ക് സഭ മടങ്ങി വന്ന് ക്രിസ്തുവിന്റെ പ്രകാശം പ്രതിഫലിപ്പിക്കുക മാത്രമാണ് പരിഹാരമാർഗം.

പുസ്തകം 11 ലക്കം 4
ഏപ്രിൽ 2022

# ഈ ലക്കത്തിൽ

**സമ്മർദ്ദങ്ങൾക്ക് ഇടയിൽ ലക്ഷ്യം തെറ്റരുത്** 4
ജോയ് എം. തോമസ്

**വീണ്ടും ജനനത്തിലെ കാമ്പ്** 7
സാജു മാത്യു

**ഭൂമിയിൽ സ്വർഗ്ഗം സൃഷ്ടിക്കാം, നരകവും** 9
ബാബു ചെറിയാൻ

**മുൾക്കിരീടമോ പൊൻകിരീടമോ...** 11
ജോർജ് മാത്യു, പുതുപ്പള്ളി

**യിസ്രായേലിനു സംഭവിക്കുന്നത് എന്ത്?** 13
ചെയ്സ് ജോസഫ്

**വാർത്താ വീഥി** 15

**കൗൺസലിംഗ് വീഥി** 16
ഡോ. സുജിത്ത് സൈമൺ

**കർത്താവാണ് എന്റെ സഹായി...** 19
പി.വി. വർഗീസ്

**പ്രേഷിത ദൗത്യവുമായി...** 21
ബെഞ്ചമിൻ വർഗീസ്

**വനിതാ വീഥി** 23
ജെസ്സി സാജു

**വേദ അധ്യയനം** 26
ജോയ് എം. തോമസ്

**വീണ്ടുംജനനവും നിത്യജീവനും** 31
എംസി

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബൂ ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.

Annual Subscription Rs200.00



ജോയ് എം. തോമസ്

# സമ്മർദ്ദങ്ങൾക്ക് ഇടയിൽ ലക്ഷ്യം തെറ്റരുത്

**ജീ**വിത സമ്മർദ്ദങ്ങൾ വർധിച്ചുവരുന്നതായിട്ടാണ് അനുഭവത്തിൽ മനസ്സിലാക്കുന്നത്. ഭൗതിക ജീവിതത്തിൽ നാം നേരിടുന്ന വെല്ലുവിളികൾ ഉളവാക്കുന്ന സമ്മർദ്ദത്താൽ നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യം തെറ്റിക്കാൻ ആണ് പിശാച് കിണഞ്ഞു പരിശ്രമിക്കുന്നത്. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് ലക്ഷ്യം തെറ്റാതെ ഇരിക്കേണ്ടതിനുള്ള മുൻകരുതലുകൾ സ്വീകരിക്കണം.

വിശ്വാസികളുടെ പിതാവായ അബ്രഹാമിന് ഉയർന്ന ദർശനമായിരുന്നു ദൈവം നൽകിയത്. ലക്ഷ്യത്തിലെത്താൻ അദ്ദേഹത്തിന് വളരെ അധികം വെല്ലുവിളികളെ തരണം ചെയ്യേണ്ടിയിരുന്നു. ദൈവം നൽകിയ കൃപയും സംരക്ഷണവും ആയിരുന്നു അദ്ദേഹത്തെ വിജയത്തിലെത്തിച്ചത്. ദൈവത്തിൽ പൂർണമായും വിശ്വസിച്ചതിനാൽ ദൈവത്തിന്റെ കൃപ പ്രാപിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. വിശ്വാസത്താൽ സ്വന്ത ദേശത്തെയും പിതൃഭവനത്തെയും വിട്ട് യാത്രതിരിച്ചു ദൈവം കാണിച്ചു കൊടുത്ത കനാൻ ദേശത്ത് അബ്രഹാം എത്തി. അവിടെത്തന്നെ പാർക്കണം എന്ന ദൈവഹിതത്തിൽ നിന്നും വ്യതിചലിച്ച് അബ്രഹാം മിസ്രയീമിൽ ചെന്ന് പാർക്കുന്ന സംഭവം നാം കാണുന്നു.

ദേശത്ത് ക്ഷാമമുണ്ടായി; ദേശത്തു ക്ഷാമം കഠിനമായിത്തീർന്നതു കൊണ്ട് അബ്രഹാം മിസ്രയീമിൽ ചെന്ന് പാർപ്പാൻ അവിടേക്ക് പോയി. മിസ്രയീമിൽ എത്താറായപ്പോൾ അവൻ തന്റെ ഭാര്യ സാറായിയോട് പറഞ്ഞത് ഇതാ, നീ സൗന്ദര്യമുള്ള സ്ത്രീയെന്ന് ഞാൻ അറിയുന്നു. മിസ്രയീമ്യർ നിന്നെ കാണുമ്പോൾ ഇവൾ അവന്റെ ഭാര്യ എന്ന് പറഞ്ഞ് എന്നെ കൊല്ലുകയും നിന്നെ ജീവനോടെ രക്ഷിക്കുകയും ചെയ്യും. നീ എന്റെ സഹോദരി എന്ന് പറയണം. എന്നാൽ നിന്റെ നിമിത്തം എനിക്ക് നന്മ വരികയും ഞാൻ ജീവിച്ചിരിക്കുകയും ചെയ്യും (ഉല്പത്തി 12 :10 - 15).

ക്ഷാമം അതികഠിനം ആയിരുന്നതിനാലുള്ള പ്രതിസന്ധികളുടെ സമ്മർദ്ദമാണ് അബ്രഹാമിനെ മിസ്രയീമിലേക്കു പോകുവാൻ നിർബന്ധിച്ചത്. കഠിനമായ ക്ഷാമത്തിൽ നിന്നും തന്റെ മൃഗ സമ്പത്തിനെയും ദാസീദാസന്മാരെയും സ്വന്തം കുടുംബത്തെയും രക്ഷിക്കുവാൻ മിസ്രയീമിലേക്കു പോകുക അല്ലാതെ മറ്റൊരു വഴിയും ഇല്ല എന്ന് അബ്രഹാം ചിന്തിച്ചു. അബ്രഹാമിന്റെ ജീവിതത്തിന് കളങ്കം ഉണ്ടാക്കിയ ഒരു തെറ്റായ തീരുമാനമായിരുന്നു അത്. ഇതുപോലുള്ള സാഹചര്യങ്ങളോട് നമ്മുടെ പ്രതികരണം എന്താണ്?

സാമ്പത്തിക പ്രതിസന്ധിയെ നമുക്ക് നിസ്സാരമായി കാണുവാൻ കഴിയുകയില്ല. ആവശ്യങ്ങൾ ഓരോന്നായി നമ്മുടെ കൺമുമ്പിൽ ഉയർന്നു നിൽക്കുമ്പോൾ എന്തെങ്കിലും അടിയന്തരമായി ചെയ്യുവാനുള്ള സമ്മർദ്ദം നമുക്ക് ഉണ്ടാകുന്നു. ഇവിടെ നാം വളരെ കരുതൽ ഉള്ളവർ ആയിരിക്കുന്നില്ലായെങ്കിൽ നാം അടിപതറി പോകാൻ സാ

ധ്യതയുണ്ട്. പണത്തോടുള്ള മനോഭാവത്തിന്റെ ശരിയായ ദിശ തെറ്റിയാൽ ആത്മീയജീവിതം തകർന്നുപോകും. നമ്മെത്തന്നെ താഴ്ത്തി വിശ്വാസത്തോടെ പ്രാർത്ഥിച്ചു ദൈവകൃപ കൂടുതൽ സ്വീകരിക്കുകയും സഹിഷ്ണുത ഉള്ളവരായി പരിശുദ്ധാത്മാവിന്റെ വ്യക്തമായ നടത്തിപ്പിനായി കാത്തിരിക്കുകയുമാണ് നാം ചെയ്യേണ്ടത്. കുടുംബമായി ഏകമനസ്സോടെ പ്രാർത്ഥിക്കുവാൻ കഴിയുന്നത് നമുക്ക് വിജയം ആയിത്തീരുന്നു.

ഈ വരികൾ വായിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾക്ക് അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന വലിയ സമ്മർദ്ദങ്ങളെ തിരിച്ചറിയുക. നമ്മുടെ സ്വർഗീയ പിതാവ് നമ്മെ സദാ ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നു എന്നും നമ്മെക്കുറിച്ച് ഏറ്റവും കരുതൽ ഉള്ളവനായിരിക്കും എന്നും ബോധപൂർവം ഓർക്കുക. ഹൃദയം ദൈവസന്നിധിയിൽ പകരുക. അപ്പോൾ ദൈവത്തിന്റെ ദാനമായ സമാധാനം ഹൃദയത്തിൽ നിറയും. ദൈവഹിതപ്രകാരം തീരുമാനങ്ങളെടുത്തു പ്രതിസന്ധികളെ തരണം ചെയ്യുവാൻ പരിശുദ്ധാത്മാവ് തന്റെ ജ്ഞാനം നമ്മിൽ പകരുകയും ചെയ്യും.

മിസ്രയീമിലേക്കു ഇറങ്ങിപ്പോകുമ്പോൾ അബ്രഹാമിന്റെ മനസ്സ് അരക്ഷിതം ആയിരുന്നു. മരണ ഭയം തന്നെ വേട്ടയാടി. തന്റെ ഭാര്യ സുന്ദരി ആണെന്നുള്ളതും അവളെ മോഹിച്ച് ആരെങ്കിലും തന്നെ കൊല്ലും എന്നുമുള്ള ചിന്ത അബ്രഹാമിനെ അസ്വസ്ഥനാക്കി. രക്ഷപ്പെടുവാനുള്ള തന്ത്രമായി ഇവൾ എന്റെ സഹോദരി എന്ന് പറയുവാൻ അദ്ദേഹം തീരുമാനിച്ചു. ഞാൻ നിന്നെ കാണിക്കാൻ ഇരിക്കുന്ന ദേശത്തേക്ക് പോകുക എന്ന് ദൈവത്തിന്റെ അരുളപ്പാട് അനുസരിച്ച് അബ്രഹാം യാത്രതിരിക്കുമ്പോൾ ഹൃദയത്തിൽ എത്ര സമാധാനവും ധൈര്യവും ആണ് അദ്ദേഹം അനുഭവിച്ചത്! കാരണം ദൈവസാന്നിധ്യം അത്ര മാത്രം അനുഭവപ്പെട്ടിരുന്നു. സ്വയംവഴി തെരഞ്ഞെടുത്ത് പോകുന്ന അബ്രഹാമിനു ദൈവസാന്നിധ്യത്തിന്റെ ഐശ്വര്യം നഷ്ടപ്പെട്ടതാണ് ഭയം അദ്ദേഹത്തെ കീഴടക്കുവാൻ കാരണം.

ഏത് സാഹചര്യം ആയാലും, ഏത് അവസ്ഥ ആയാലും ദൈവസാന്നിധ്യം ധാരാളമായി നമുക്ക് അനുഭവിക്കുവാൻ കഴിയുന്നുണ്ടെങ്കിൽ അതാണ് നമ്മുടെ സുരക്ഷയ്ക്കും സമാധാനത്തിനും ആധാരമായിരിക്കുന്നത്. സമാധാനമില്ലാതെ സമ്പത്ത് ഉണ്ടായിരുന്നാൽ ജീവിതം ആസ്വദിക്കുവാൻ കഴിയുമോ? കഴിയുകയില്ല എന്നതല്ലേ വാസ്തവം? അതുകൊണ്ട് ദൈവസാന്നിധ്യം നമ്മോടു കൂടെ ഉണ്ടായിരിക്കണം എന്നുള്ളതു തന്നെ ആയിരിക്കട്ടെ നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ആഗ്രഹം.

മിസ്രയീമിൽ ചെന്ന് പാർത്ത അബ്രഹാമിന് സാമ്പത്തികനേട്ടം ഉണ്ടായി. എന്നാൽ സ്വസ്ഥതയ്ക്കും സമാധാനത്തിനും നഷ്ടമുണ്ടായി. സാറായിക്കു ഫറവോന്റെ അരമനയിൽ പോകേണ്ട ഗതികേട് ഉണ്ടായി. അബ്രഹാമിനും സാറായിക്കും എത്ര വേദനാജനകമായ അനുഭവമായിരുന്നു അത്. തെറ്റായ തീരുമാനം എടുത്ത് പ്രവർത്തിച്ചാൽ അതിന്റെതായ ഭവിഷ്യത്ത് ഉണ്ടാകുമെന്നത് ഒരു പരമാർത്ഥമാണ്. എന്നാൽ അതുമായി പൊരുത്തപ്പെട്ട് ജീവിക്കുവാൻ ആണ് തീരുമാനമെങ്കിൽ എത്ര കഷ്ടം? അബ്രഹാം തന്റെ നിസ്സഹായാവസ്ഥയിൽ ദൈവത്തോട് നിലവിളിച്ചു എന്ന് നമുക്ക് അനുമാനിക്കാം. ദൈവം അബ്രഹാമിന്റെ സംരക്ഷകനായി എഴുന്നേറ്റ് പ്രവർത്തിക്കുന്നു. അബ്രഹാമിന്റെ മേൽ ഉള്ള ദൈവത്തിന്റെ അളവറ്റ കൃപ നമുക്ക് ഇവിടെ ദർശിക്കാം.

ഫറവോന്റെ മേലും കുടുംബാംഗങ്ങളുടെ മേലും ദൈവം രോഗബാധ അയച്ചു. ഫറവോന് കാര്യം മനസ്സിലായി. സാറ അബ്രഹാമിന്റെ ഭാര്യയാണെന്ന യാഥാർത്ഥ്യം. തനിക്ക് തെറ്റു പറ്റിയിരിക്കുന്നു, സാറയെ അബ്രഹാമിന് തിരിച്ചു നൽകിയാൽ മാത്രമേ ദൈവകോപം തന്റെമേൽ നിന്നും തന്റെ കുടുംബത്തിൽ നിന്നും മാറി പോവുകയുള്ളൂ. നോക്കൂ, ദൈവത്തിന്റെ വിശ്വസ്തത! അബ്രഹാമിനും സാറായിക്കും പറ്റിയ അബദ്ധത്തിൽ നിന്നും, അതിനാൽ ഉളവായ സങ്കീർണ്ണ പ്രശ്നത്തിൽ നിന്നും ദൈവം തന്റെ കൃപയാൽ അവരെ വിടുവിച്ച് സംരക്ഷിച്ചു.

തെറ്റ് സംഭവിച്ചാൽ തെറ്റ് തിരുത്തുക എന്ന ഒരേ ഒരു വഴിയേ ഉള്ളൂ. മാനസാന്തരപ്പെടുക, ദൈവസന്നിധിയിൽ അനുതപിച്ച് നിലവിളിക്കുക. ദൈവം നൽകിയ ഉന്നത ദർശനത്തിലേക്ക് മടങ്ങി വരിക. ദൈവം കൃപയും കരുണയും ഉള്ളവൻ ആകയാൽ അവിടുന്ന് നമ്മെ യഥാസ്ഥാനപ്പെടുത്തി അനുഗ്രഹിക്കും.

ഫറവോൻ അബ്രഹാമിനെയും കൂട്ടരെയും തന്റെ ദേശത്തിന്റെ അതിർത്തിയിൽ നിന്നും സ്നേഹബഹുമാനങ്ങളോടെ പുറത്താക്കി. ഫറവോൻ ശരിക്കും ദൈവത്തെ ഭയപ്പെട്ടു. അബ്രഹാം തന്റെ തെറ്റുതിരുത്തി താൻ കനാനിൽ ആദ്യം ഉണ്ടാക്കിയ കൂടാരം ഇരുന്ന സ്ഥലത്തേക്കും,

ആദ്യം യാഗപീഠം ഉണ്ടാക്കിയ സ്ഥലത്തേക്കും മടങ്ങി വന്നു (ഉൽപ്പത്തി 13: 3). അതായിരുന്നു അബ്രഹാം ചെയ്യേണ്ടിയിരുന്നത്. അങ്ങനെ അബ്രഹാം ദൈവഹിതത്തിൽ യഥാസ്ഥാനപ്പെട്ടു.

തെറ്റുകൾ ഏറ്റവും ഗുരുതരമാകുന്നത് അത് തിരുത്തപ്പെടാതെ ഇരിക്കുമ്പോഴാണ്. പാപങ്ങൾ ദൈവത്തോട് ഏറ്റുപറയുകയും ജീവിതത്തിൽ തിരുത്തലുകൾ വരുത്തുകയും ചെയ്യുമ്പോൾ ദൈവം നമ്മുടെ പാപങ്ങൾ നമ്മോടു ക്ഷമിക്കും (1 യോഹന്നാൻ 1: 8). ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ അങ്ങനെ നമുക്ക് മുന്നേറുവാൻ ഇടയാകും.

സാഹചര്യസമ്മർദ്ദങ്ങൾ അബ്രഹാമിനെ ഒരു തെറ്റായ തീരുമാനത്തിലേക്ക് നയിച്ചത് നമുക്കൊരു ദൃഷ്ടാന്തമാണ്. അതിന്റെ ദോഷഫലങ്ങൾ അബ്രഹാമിനു അപ്പോഴും പിന്നീടും അനുഭവിക്കേണ്ടിവന്നു. എങ്കിലും, ദൈവം നൽകിയ ഉന്നതമായ ദർശനത്തിൽ, ലക്ഷ്യത്തിലെത്തുവാൻ തന്റെ മടങ്ങിവരവ് സഹായിച്ചു. നാം തെറ്റിപ്പോയ വഴികളിൽ നിന്നും നമ്മെ മടക്കി വരുത്തുവാൻ ദൈവം നമ്മോട് ഇടപെടുമ്പോൾ നാം അത് തിരിച്ചറിയണം. നമ്മുടെ ജീവിതത്തിലെ ഏതെല്ലാം മേഖലകളിൽ മാനസാന്തരം ആവശ്യമാണെന്നുള്ളത് ശോധന ചെയ്യണം. ജീവിതത്തിൽ വരുത്തേണ്ട ക്രമീകരണങ്ങൾ വരുത്തുന്നതിൽ ഉത്സാഹം ഉള്ളവരായിരിക്കണം.

ക്രിസ്തുയേശുവിൽ നമുക്ക് ലഭിച്ചിരിക്കുന്ന നിത്യജീവനെ മുറുകെ പിടിച്ചുകൊണ്ട് കർത്താവിന്റെ മടങ്ങി വരവിനായി കാത്തിരിക്കുവാൻ വിളിക്കപ്പെട്ടവരാണ് നാം. ആ ലക്ഷ്യത്തിൽ നിന്ന് ഒരു വ്യതിചലനവും നമ്മുടെ ജീവിതത്തിൽ സംഭവിക്കാൻ പാടില്ല. നിനയ്ക്കാത്ത നാഴികയിൽ വരുന്ന കർത്താവിനായി ഒരുങ്ങിയിരിക്കുക എന്ന നമ്മുടെ അതിപ്രധാന കർത്തവ്യത്തിൽ വീഴ്ച ഉണ്ടാകരുത്. ജീവിതസാഹചര്യങ്ങൾ നമ്മെ തെറ്റിക്കാൻ സമ്മർദ്ദം നമ്മുടെമേൽ ചുമത്തുമ്പോൾ നമുക്ക് വളരെ ജാഗ്രത ഉള്ളവരായിരിക്കാം. സഹിഷ്ണുതയുള്ളവരും വിശ്വാസത്തിൽ സ്ഥിരത ഉള്ളവരുമായി നമുക്ക് മുന്നേറാം. •

# സമ്മർദ്ദങ്ങളെ അതിജീവിക്കുക

**ജീ**വിതം എല്ലായ്പ്പോഴും പ്രവചനാതീതമാണ്, അത് ചിലപ്പോൾ ഭയാനകമായേക്കാം. ദൈനംദിന സമ്മർദ്ദങ്ങളും വെല്ലുവിളികളും തീർച്ചയായും നമ്മെ തളർത്തിയേക്കാം. ജോലി നഷ്ടം, മാരകരോഗം, ഏറ്റവും പ്രിയപ്പെട്ടവരുടെ മരണം, ഇത്തരം കാര്യങ്ങൾ ജീവിതത്തിന്റെ താളം തെറ്റിച്ചേക്കാം. ഈ കാര്യങ്ങൾ ഭാവിയെ എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ചുള്ള നമ്മുടെ അനിശ്ചിതത്വം വളരെയധികം ഭയവും ഉത്കണ്ഠയും ഉളവാക്കിയേക്കാം. മനോധൈര്യം ചോരുന്നത് നമ്മെ തളർത്തിയേക്കാം. അവിടെയാണ് വിശ്വാസം സഹായകമാകുന്നത്. മനസ്സിൽ ധൈര്യം നിറയ്ക്കാൻ നമുക്ക് നമ്മുടെ വിശ്വാസത്തിലേക്കും ബൈബിളിലേക്കും നോക്കാം. വളരെ ഭയാനകമായ സാഹചര്യങ്ങളെ അഭിമുഖീകരിച്ച് സമ്മർദ്ദങ്ങളെ അതിജീവിച്ച വ്യക്തികളുടെ അനുഭവങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ജീവിതത്തിലും ഇരുണ്ട കാലങ്ങളിലൂടെ കടന്നുപോകാൻ സഹായിക്കുന്നതിന്, പ്രതിസന്ധികളുടെ സമയങ്ങളിൽ ദൈവാശ്രയത്താൽ സമ്മർദ്ദങ്ങളെ അതിജീവിച്ചവരുടെ ജീവിതാനുഭവങ്ങളിലേക്ക് നോക്കാം. പ്രോത്സാഹജനകവും സാന്ത്വനവും നൽകുന്നതും, മനോധൈര്യത്തെ പ്രചോദിപ്പിക്കുന്നതും വിശ്വാസത്തെ വർധിപ്പിക്കുന്നതുമായ തിരുവെഴുത്തുകൾ നമ്മുടെ ഹൃദയത്തിൽ സംഗ്രഹിച്ചാൽ നമ്മെയും, വിശ്വാസത്താൽ മതിൽ ചാടിക്കടക്കുവാനും ഒരു സൈന്യത്തിന്റെ നേരെ പാഞ്ഞു ചെല്ലുവാനും ദൈവം ശക്തീകരിക്കും. നിങ്ങൾക്ക് ഭയം തോന്നുമ്പോൾ വാഗ്ദത്തവചനങ്ങൾ വിശ്വാസത്തോടെ ഏറ്റുപറയുക. അത് വേഗത്തിൽ ആത്മവിശ്വാസവും ധൈര്യവും പകരുന്നു എന്നത് നിങ്ങളെ ആശ്ചര്യപ്പെടുത്തിയേക്കാം. ദൃഢനിശ്ചയത്തിന്റെ അനുഭവം കൈവരിക്കാൻ നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും മികച്ച കാര്യങ്ങളിൽ ഒന്നാണ്, തിരുവെഴുത്തുകൾ പകരുന്ന ജ്ഞാനത്തിലേക്ക് തിരിയുന്നത്. നിങ്ങൾ ധൈര്യശാലിയായി തിളങ്ങാനുമുള്ള സമയമാണ് പ്രതിസന്ധിയിലൂടെ ലഭ്യമാകുന്നത്!



സാജു മാത്യു

# വീണ്ടും ജനനത്തിലെ കാമ്പ്

ഉയർന്ന ബുദ്ധിക്ഷമത പുലർത്തുന്ന പല സുഹൃത്തുക്കളും എനിക്കുമുണ്ട്. പ്ലേറ്റോയുടെ ആശയവാദവും മാർക്സ്, ഏംഗൽസിന്റെ വൈരുധ്യാധിഷ്ഠിത ഭൗതികവാദവും കീർക്കഗാർഡിന്റെ അസ്തിത്വവാദവും ബീയിംഗിനെപ്പറ്റിയുള്ള സാർത്രിയൻ വിശകലനവും ഒക്കെ പച്ചവെള്ളം പോലെ ഉച്ചരിക്കുന്നവർ... ലിയനൊർഡ് ഡാവിഞ്ചി മുതൽ സാൽവദോർദാലി വരെയുള്ളവരുടെ ചിത്രങ്ങളെ വികാരവായ്പോടെ വിശകലനം ചെയ്തിരുന്നവർ... സിംഫണികളുടെ ഇമ്പത്തിനപ്പുറത്ത് സംഗീതത്തിന്റെ ഭാഷയെപ്പറ്റി വാതോരാതെ സംസാരിച്ചിരുന്നവർ... ഹോമറിന്റെ ഇലിയഡ് മുതൽ മാർക്കോസിന്റെ സോളിറ്റ്യൂഡ് വരെ ചർച്ച ചെയ്തിരുന്നവർ... അവരോട് യേശുവിന്റെ ക്രൂശുമരണത്തെപ്പറ്റിയും, യേശുവിലൂടെ നമുക്കൊരു പുതിയ സൃഷ്ടിയായിത്തീരുവാൻ കഴിയുമെന്നും പറയുമ്പോൾ അവർക്കു ഗ്രഹിക്കുവാൻ കഴിയുന്നില്ല... അതവർക്ക് "ബുദ്ധിയില്ലാഞ്ഞിട്ടല്ല; അവർക്ക് ബുദ്ധിയേ ഉള്ളൂ എന്നതിനാലാണ്. അവർ തങ്ങളുടെ ആത്മാവിന്റെ വാതിലുകൾ ഭൗതികതയ്ക്കപ്പുറത്തുള്ള എല്ലാത്തിനുമെതിരായി കൊട്ടിയടച്ചിരിക്കുന്നു.

ഭൗതികവാദികളായ ബുദ്ധിജീവികൾ മാത്രമല്ല, മതപരമായി വലിയ പണ്ഡിതന്മാരെന്നു ചിന്തിക്കുന്നവർക്കും ആത്മാവിലുള്ള പുതുജനനം, ഉയർത്തെഴുന്നേല്പ്പിന്റെ ശക്തി, ആത്മാവിന്റെ ശബ്ദം ശ്രവിക്കുക എന്നൊക്കെപ്പറയുന്നത് മനസിലാക്കാൻ കഴിയുന്നില്ല. ദൈവശാസ്ത്രത്തിൽ പുസ്തകരചന നടത്തിയിട്ടുള്ളവരിൽപ്പോലും പലർക്കും ലളിതമായ പല ആത്മീയ യാഥാർഥ്യങ്ങളും ഗ്രഹിക്കാൻ കഴിയുന്നില്ല.

നിക്കോദേമൊസ് അതുപോലൊരു കഥാപാത്രമായിരുന്നു. അദ്ദേഹമൊരു പരീശനും ഭരണാധികാരിയുമായിരുന്നു (ruler -പ്രമാണി). ന്യായപ്രമാണത്തിന്റെ വിശദാംശങ്ങളെപ്പറ്റി ബോധ്യമുള്ളയാൾ (യോഹന്നാൻ 7:51). എന്നാൽ, ദൈവരാജ്യത്തെപ്പറ്റിയുള്ള യേശുവിന്റെ ലളിതമായ ഉപദേശങ്ങൾ മനസിലാക്കാൻ നിക്കോദേമൊസ് വളരെ പ്രയാസപ്പെടുന്നുണ്ട്. പുതിയ നിയമത്തിന്റെ സമകാലീന യഹൂദ രചനകളിൽ അസാമാന്യമാം വിധം ധനികനായിരുന്ന നിക്കോദേമൊസിനെപ്പറ്റിയുള്ള പരാമർശങ്ങളുണ്ട്. അത് ശരിയായിരിക്കണം. കാരണം, യേശുവിന്റെ ശരീരം അടക്കുന്നതിനായി നൂറു റാത്തൽ മൂറും അകിലും കൊണ്ടുള്ള സുഗന്ധവർഗക്കൂട്ട് കൊണ്ടുവന്നത് നിക്കോദേമൊസ് എന്ന ധനികനാണ് (യോഹന്നാൻ 19:39).

രാത്രിയിലാണ് നിക്കോദേമൊസ് യേശുവിന്റെ അടുക്കൽ വരുന്നത് (യോഹന്നാൻ 3:2). യേശുവിനോടുള്ള തന്റെ ആദരവ് മറ്റാരും അറിയേണ്ട എന്ന് അയാൾ ചിന്തിച്ചിരുന്നിരിക്കണം. അവസരമുണ്ടായിരുന്നിട്ടും മഹാപുരോഹിതന്മാരുടെ മുമ്പിൽ യേശുവിനെ ഏറ്റുപറയാൻ നിക്കോദേമൊസ് തയ്യാറായില്ല എന്നത് ഓർക്കണം (യോഹന്നാൻ 7:45-52). നിക്കോദേമൊസ് ആത്മാർഥതയുള്ള വ്യക്തിയായിരുന്നു. ദൈവത്തോടും തന്നോടുതന്നെയും സത്യമുള്ളവനായിരിക്കണം എന്ന് അയാൾ ആഗ്രഹിച്ചു. എങ്കിലും തന്റെ പദവികളും ബഹുമാനിത സ്ഥിതിയും വിട്ടുകളയാൻ അയാൾക്കു പ്രയാസമായിരുന്നു.

നിക്കോദേമൊസ് യേശുവിനെ വിളിക്കുന്നത് 'റബ്ബീ' എന്നാണ്. ഗുരോ എന്നർഥം! ദിവ്യമായ -മതപരമായ ഉപദേശങ്ങൾ നല്കുന്ന വ്യക്തികളെയാണ് 'റബ്ബീ' എന്നു വിളിക്കാറ്! എന്നാൽ, യേശുവിന്റെ കാര്യത്തിൽ, യേശു വെറുമൊരു മതോപദേഷ്ടാവ് എന്നല്ല, "നീ ദൈവത്തിന്റെ

അടുക്കൽ നിന്ന് ഉപദേഷ്ടാവായി വന്നിരിക്കുന്നു" എന്നാണ് നിക്കോദേമൊസ് പറയുന്നത്. യേശു ദൈവത്തിൽ നിന്നുള്ള വ്യക്തി എന്ന് നിക്കോദേമൊസ് പറയാൻ അദ്ദേഹത്തിനു രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, യേശുവിന്റെ ഉപദേശങ്ങൾ. രണ്ട്, യേശു ചെയ്ത അടയാളങ്ങൾ (അത്ഭുതങ്ങൾ). "ദൈവം തന്നോടുകൂടെയില്ലെങ്കിൽ നീ ചെയ്യുന്ന അടയാളങ്ങളെ ചെയ്യുവാൻ ആർക്കും കഴിയുകയില്ല" എന്ന് നിക്കോദേമൊസ് യേശുവിനോടു പറഞ്ഞു (യോഹന്നാൻ 3:.2).

ഒരു വലിയ പ്രശംസയാണ് യേശുവിനിവിടെ ലഭിക്കുന്നത്. യേശു ദൈവത്തിൽ നിന്നുള്ള ഉപദേഷ്ടാവാണെന്നും, ദൈവമാണ് യേശുവിലൂടെ അത്ഭുതങ്ങളെ പ്രവർത്തിക്കുന്നതെന്നും നിക്കോദേമൊസ് ഏറ്റുപറയുന്നു. ഒരുപക്ഷെ, ഒരു പരീശനിൽ നിന്നോ, ഒരു പള്ളിപ്രമാണിയിൽ നിന്നോ ആദ്യമായിട്ടായിരിക്കണം യേശുവിന് ഇങ്ങനെയൊരു പ്രശംസ ലഭിക്കുന്നത്. അത് മുഖസ്തുതിയൊന്നുമല്ല എന്നോർക്കണം. ഹൃദയത്തിന്റെ ഉള്ളിൽ നിന്നുള്ള ആത്മാർഥമായ പ്രശംസ. യേശു, നിക്കോദേമൊസിന്റെ പ്രശംസയിൽ മയങ്ങിപ്പോയില്ല. "പള്ളിപ്രമാണികളിൽ ഒരാൾക്കുപോലും മനസിലാകാത്ത ഈ സനാതനസത്യം നിക്കോദേമൊസേ, നിങ്ങൾക്കെങ്കിലും മനസിലായല്ലോ" എന്നു പറഞ്ഞില്ല. ഒരുപക്ഷെ, പ്രശംസയ്ക്കു പ്രതികരണമായി യേശു ഒരു കടന്ന പ്രസ്താവനയാണു നടത്തുന്നത്. യേശു അവനോട്, "ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല" എന്ന് ഉത്തരം പറഞ്ഞു (യോഹന്നാൻ 3:.3).

പ്രശംസയുമായി വന്ന നിക്കോദേമൊസിനോട്, യേശു പറയുന്നതിതാണ്: നിന്റെ പ്രശംസയൊക്കെ അവിടെ നില്ക്കട്ടെ... ഒരു സത്യം ഞാൻ പറയാം. ഇക്കണക്കിനു പോയാൽ നീ സ്വർഗത്തിൽ പോവുകയില്ല എന്നാണതിന്റെ അർഥം. പ്രശംസയുമായെത്തുന്നവരോട് ഇത്തരത്തിലൊരു സത്യം പ്രസ്താവിക്കുവാൻ യേശുവിന്റെ തന്റേടം തന്നെ വേണം. ഇതു തീർച്ചയായും സ്നേഹത്തിൽ നിന്നുള്ള ഒരു പ്രസ്താവന തന്നെയാണ്. നിക്കോദേമൊസിന്റെ പ്രശംസകേട്ടു മയങ്ങിയാൽ, അയാളുടെ നിത്യതയാണു നഷ്ടപ്പെടുന്നത് എന്ന് യേശുവിനറിയാം. നാം ആളുകളെ യഥാർഥത്തിൽ സ്നേഹിക്കുന്നുവെങ്കിൽ അവരുടെ പ്രശംസ നമ്മെ അഭിമാനപുളകിതരാക്കാൻ പാടില്ല. അവരെ നിത്യതയിലേക്കു കൊണ്ടുപോകുന്ന സത്യം നാം അവരോടു പറയുക തന്നെ വേണം. (അനുസരിക്കാൻ മനസ്സില്ലാത്തവരാണ് പലപ്പോഴും പ്രശംസയുമായെത്തുക! അനുസരണമാണ് ഏറ്റവും വലിയ പ്രശംസ എന്നറിയുക).

ഇവിടെ യേശു, സത്യം പറയുവാൻ ഉപയേഗിക്കുന്ന ശൈലി ഒരു അരാമ്യശൈലിയാണ്. "ആമേൻ ആമേൻ" എന്നാണ്. (സത്യമായും സത്യമായും എന്നു തർജമ ചെയ്യാം). എന്താണ് ഈ ശൈലിയുടെ പ്രത്യേകത? ഒരു പ്രത്യേക കാര്യത്തെപ്പറ്റിയുള്ള ചർച്ചയിൽ എന്റെ കൂടെയുള്ള വ്യക്തി അക്കാര്യത്തെപ്പറ്റി ധരിച്ചുവെച്ചിരിക്കുന്നത് ശരിയല്ലെങ്കിൽ ഞാൻ ഇങ്ങനെ പറഞ്ഞേക്കാം: "നിങ്ങൾ ധരിച്ചുവെച്ചിരിക്കുന്നത് സത്യമല്ല. സത്യമെന്താണെന്ന് ഞാൻ വെളിപ്പെടുത്താം..." ഇങ്ങനെ പറയുന്നതിനുള്ള അരാമ്യശൈലിയാണ് "ആമേൻ ആമേൻ" എന്നത്. അതായത് ഒരാളെ അജ്ഞതയുടെ ലോകത്തുനിന്നു സത്യത്തിന്റെ ലോകത്തേക്കു കൈപിടിച്ചു നടത്തുന്ന പ്രസ്താവനയുടെ തുടക്കമാണ് "ആമേൻ ആമേൻ" എന്നത്.

ഇവിടുത്തെ "ചർച്ചാവിഷയം" എന്താണ്? പ്രത്യക്ഷത്തിൽ ഇവിടെ ചർച്ചയ്ക്കായി അവർ ഒത്തുകൂടിയതല്ലെങ്കിലും പ്രതിപാദ്യവിഷയം, "ആരാണ് ദൈവരാജ്യത്തിൽ കടക്കുക" എന്നതു തന്നെ. അതിനെപ്പറ്റിയുള്ള നിക്കോദേമൊസിന്റെ ധാരണകൾ തെറ്റാണെന്നു യേശു പറയുന്നു. "ദൈവരാജ്യത്തിൽ ആർക്കു പ്രവേശിക്കാനാവും?" എന്നതിനെപ്പറ്റി എന്താവാം നിക്കോദേമൊസിന്റെ ധാരണ. സാധാരണ ഏതു യഹൂദനും ഉറച്ചു വിശ്വസിച്ചിരുന്ന ഒരു കാര്യമുണ്ട്. ദൈവരാജ്യം യഹൂദനുവേണ്ടി മാത്രമുള്ളതാണ്. ജാതികൾക്കു അതിൽ ഓഹരിയും അവകാശവും ഇല്ല. ആരാണു യെഹൂദൻ എന്നതിനെപ്പറ്റിയും അവർക്ക് ഒരു ധാരണയുണ്ട്. "യെഹൂദസ്ത്രീയുടെ ഉദരത്തിൽ നിന്നു ജനിച്ചവൻ മാത്രമാണ് യെഹൂദൻ". അപ്പോൾ യഹൂദേതരനായി -വിജാതീയനായി-ജനിച്ച ആർക്കും ഒരിക്കലും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴിയില്ലെ?

അതിനുള്ള മാർഗമായി നല്ലൊരു ശതമാനം യഹൂദനും കണ്ടുപിടിച്ച മാർഗമാണ് മതപരിവർത്തനം (proselytism). അതു പ്രകാരം ഒരു വിജാതീയന് മതപരിവർത്തന സ്നാനമേറ്റ്, പരിച്ഛേദനയേറ്റ് യഹൂദ ന്യായപ്രമാണത്തിലെ

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

# ഭൂമിയിൽ സ്വർഗ്ഗം സൃഷ്ടിക്കാം, നരകവും

സ്വർഗ്ഗവും നരകവും ഇവിടെത്തന്നെയാണ് എന്നൊരു ധാരണ പലർക്കുമുണ്ട്. നല്ലത് ചെയ്യുന്നവർക്ക് ഇവിടെത്തന്നെ സ്വർഗ്ഗതുല്യമായ അനുഭവവും, തീയത് ചെയ്യുന്നവർക്ക് അതുപോലെ തന്നെ നരകതുല്യമായ അനുഭവവും ലഭിക്കുന്നു എന്നു ഒരു കൂട്ടർ ചിന്തിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. അത് വചനവിരുദ്ധമാണ്. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു എന്ന് കർത്താവ് പറഞ്ഞത് നമ്മൾ ഭൂമിയിൽ പണിയുന്ന സ്വർഗത്തെക്കുറിച്ച് ആണോ? എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട് എന്നും കർത്താവ് വ്യക്തമാക്കിയിരിക്കുന്നു. മരണാനന്തര ജീവിതത്തെപ്പറ്റി വിശ്വസിക്കാത്തവർക്ക് ബൈബിൾ ഒരു പ്രയോജനവും ചെയ്യുന്നില്ല.

എങ്കിലും, ഈ ഭൂമിയിൽത്തന്നെ നമുക്ക് സ്വർഗ്ഗം പണിയാം, നരകവും പണിയാം. എന്റെ കൂടെ വരുവിൻ ഞാൻ നിങ്ങളെ സ്വർഗ്ഗവും നരകവും കാണിക്കാം എന്നു പറഞ്ഞ്, മനശാസ്ത്രജ്ഞൻ കൂടിയായ ഒരു പുരോഹിതൻ തന്റെ ശിഷ്യന്മാരെ ആദ്യം ഒരു കലഹവീട്ടിൽ കൊണ്ടുപോയി. ഭാര്യയും ഭർത്താവും മത്സരിച്ച് വാക്കേറ്റം നടത്തുന്നു. എല്ലാ മുഖങ്ങളിലും ദു:ഖഭാവം. ആർക്കും ആരെയും വിശ്വാസമില്ല, ബഹുമാനമില്ല, സ്നേഹമില്ല. ഇത് നരകത്തിന്റെ ചെറിയ പതിപ്പ് എന്നു പുരോഹിതൻ വെളിപ്പെടുത്തി. പിന്നീട് മറ്റൊരു ഭവനത്തിൽ കൊണ്ടു ചെന്നപ്പോൾ എല്ലാ മുഖങ്ങളിലും സന്തോഷം, എല്ലാവർക്കും തമ്മിൽ ബഹുമാനം, സ്നേഹം, സംതൃപ്തി, അതിഥികളെ ബഹുമാനത്തോടെ സ്വീകരിക്കുന്നു. സ്വർഗത്തിന്റെ ഒരു ചെറിയ പതിപ്പ് അവിടെ താൻ കുട്ടികളെ കാണിച്ചുകൊടുത്തു. എന്നാൽ ഇതിനുമപ്പുറം ചില യാഥാർത്ഥ്യങ്ങൾ നമുക്ക് ധ്യാനിക്കാൻ ഉണ്ട്. അത് സ്തേഫാനോസിന്റെ ജീവിതത്തിൽ നിന്നാണ്.

അപ്പോസ്തല പ്രവർത്തികൾ 7 :54,55 വചനങ്ങളിൽ സ്വർഗ്ഗവും നരകവും നമുക്ക് കാണാം. യഹൂദമതത്തിലെ തീവ്രവാദികൾ സ്തേഫാനോസിന്റെ പ്രസംഗത്തിൽ പ്രകോപിതരായി. അവർ അവന്റെ നേരെ പല്ലു കടിച്ചു കൊണ്ട് പാഞ്ഞു വന്നു. അവർ കോപപരവശരായി. എന്നാൽ സ്തേഫാനോസ് പരിശുദ്ധാത്മാവു നിറഞ്ഞവനായി. ഇവിടെ സ്വർഗ്ഗവും നരകവും കാണാം.

**യഹൂദമതത്തിലെ തീവ്രവാദികൾ സ്തേഫാനോസിന്റെ പ്രസംഗത്തിൽ പ്രകോപിതരായി. അവർ അവന്റെ നേരെ പല്ലു കടിച്ചു കൊണ്ട് പാഞ്ഞു വന്നു. അവർ കോപപരവശരായി. എന്നാൽ സ്തേഫാനോസ് പരിശുദ്ധാത്മാവു നിറഞ്ഞവനായി. ഇവിടെ സ്വർഗ്ഗവും നരകവും കാണാം**

**ഭൂമിയിൽ സ്വർഗ്ഗം സൃഷ്ടിക്കാം, നരകവും**

ദുഷ്ടൻ പല്ലു കടിച്ചുരുകിപ്പോകും (സങ്കീർത്തനങ്ങൾ 112 :10). കോപം മനുഷ്യർക്കുണ്ടാകും. പക്ഷേ അതിനെ നിയന്ത്രിച്ചില്ലെങ്കിൽ അപകടം സുനിശ്ചിതം. കല്യാണവസ്ത്രമില്ലാതെ കല്യാണത്തിന് വന്നവനെ പിടിച്ച് ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളയുമ്പോൾ പറയുന്ന ഒരു വാചകമുണ്ട്. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാവും (മത്തായി 22 :13). നമ്മുടെ വീടുകൾ നരകം ആക്കരുത്. നമ്മുടെ സഭകളും വിശേഷാൽ കമ്മറ്റി മീറ്റിങ്ങുകളും നരകതുല്യം ആക്കാൻ നമുക്കും കഴിയും എന്ന് ഓർത്താൽ നന്ന്. അനിയന്ത്രിതമായ കോപവും വാശിയും വൈരാഗ്യവും പകയും പിണക്കവും ചുമന്നു കൊണ്ട് നടക്കുന്നവർ പുറമേ വിശുദ്ധിയുടെ വേഷം ധരിച്ചാൽ വിശുദ്ധർ ആകുമോ? മീശയില്ലാത്ത മുഖവും, കളർ ഇല്ലാത്ത വസ്ത്രവും, ആഭരണ വിരോധവും ആണ് വേർപാടിന്റെ അടയാളം എന്ന് തെറ്റിദ്ധരിക്കരുതേ... ഈ പറയപ്പെടുന്ന എല്ലാ ബാഹ്യ കാര്യങ്ങളും ഉള്ളപ്പോൾ തന്നെ സ്വഭാവത്തിൽ മാറ്റമില്ലെങ്കിൽ ദൈവം നമ്മെ എങ്ങനെ കാണും? ദൈവമോ ഹൃദയത്തെ നോക്കുന്നു. ബാഹ്യമായ വേർപാട് നല്ലതുതന്നെ. പക്ഷേ ഹൃദയം അതിലും പ്രധാനം.

എന്നാൽ സ്തേഫാനോസ് സ്വർഗ്ഗം സൃഷ്ടിക്കുകയാണ്. അവനോ പരിശുദ്ധാത്മാവു നിറഞ്ഞവനായി (അപ്പോസ്തല പ്രവർത്തി 7 :55 ). ഈ വചനം പ്രത്യേകം ശ്രദ്ധിക്കണം. പരിശുദ്ധാത്മ നിറവിനെപ്പറ്റി നമ്മൾ ഇനിയും ഒത്തിരി അറിയുവാൻ ഉണ്ട്. പാട്ടിന്റെയും ഉപകരണസംഗീതത്തിന്റെയും എക്കോ ആംപ്ലിഫയറിന്റെയും സാന്നിധ്യത്തിലും സഹായത്തിലും ലഭിക്കുന്ന ആത്മനിറവ് നമുക്ക് സുപരിചിതമാണ്. എന്നാൽ പല്ല് കടിക്കുന്ന പ്രതിയോഗിയുടെ മുമ്പിൽവെച്ച് ആത്മാവിൽ നിറയുവാൻ സാധിക്കുമോ? അനുകൂലമായ ഒരു വ്യക്തി പോലും ഇല്ലാത്ത അന്തരീക്ഷത്തിൽ ആത്മാവിൽ നിറയാൻ സാധിക്കുമെന്ന് സ്തേഫാനോസ് പഠിപ്പിക്കുന്നു. അദ്ദേഹം വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ പുരുഷനായിരുന്നു( അപ്പോസ്തല പ്രവർത്തി 6: 5 ). ഒരിക്കൽ അദ്ദേഹം ആത്മാവ് പ്രാപിച്ചിരുന്നു എന്ന് വ്യക്തം. മാത്രമല്ല അദ്ദേഹം കൃപയും ശക്തിയും നിറഞ്ഞവനായി പിന്നത്തേതിൽ വളർന്നു എന്ന് കാണുന്നു. തന്റെമേൽ വ്യാപരിച്ചിരുന്ന ആത്മാവോടും ജ്ഞാനത്തോടും ആർക്കും എതിർക്കാൻ കഴിയാത്ത വിധം താൻ ആത്മീയവളർച്ച


**പുറമേ വിശുദ്ധിയുടെ വേഷം ധരിച്ചാൽ വിശുദ്ധർ ആകുമോ? മീശയില്ലാത്ത മുഖവും, കളർ ഇല്ലാത്ത വസ്ത്രവും, ആഭരണ വിരോധവും ആണ് വേർപാടിന്റെ അടയാളം എന്ന് തെറ്റിദ്ധരിക്കരുതേ... ഈ പറയപ്പെടുന്ന എല്ലാ ബാഹ്യ കാര്യങ്ങളും ഉള്ളപ്പോൾ തന്നെ സ്വഭാവത്തിൽ മാറ്റമില്ലെങ്കിൽ ദൈവം നമ്മെ എങ്ങനെ കാണും?**


പ്രാപിച്ചിരുന്നു എന്നു മനസ്സിലാക്കാം (അപ്പോസ്തല പ്രവർത്തികൾ 6:8 -10).

ഇതുപോലൊരു പരിശുദ്ധാത്മനിറവ് പ്രാപിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ആത്മനിറവ് പ്രാപിച്ച്, ആത്മാവിനെ അനുസരിച്ച്, ആത്മനിയന്ത്രണത്തിൽ, ആത്മനിയോഗത്തിൽ, ആത്മനടത്തിപ്പിൽ ജീവിക്കുന്ന ഒരു ജീവിതം ഉണ്ട് കേട്ടോ? പരിശുദ്ധാത്മനിറവിലും അന്യഭാഷകളിലും കൃപാവരങ്ങളിലും വിശ്വസിക്കുന്നു എന്ന് പറയുന്ന പലരും ഈ കാര്യങ്ങൾ അറിഞ്ഞിട്ടുണ്ടോ എന്ന് സംശയം!

പല്ലു കടിച്ച് കല്ലും എടുത്തു നിൽക്കുന്ന തീവ്രവാദികളെ അല്ല സ്തേഫാനോസ് കാണുന്നത്. ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നു, മനുഷ്യപുത്രൻ ദൈവത്തിന്റെ വലതുഭാഗത്ത് നിൽക്കുന്നു എന്നാണ് സ്തേഫാനോസ് ഉറക്കെ വിളിച്ചു പറയുന്നത്. വാസ്തവത്തിൽ അവൻ അവിടം സ്വർഗ്ഗം ആക്കുകയാണ് ചെയ്തത്. ദൈവമഹത്വം, പിതാവായ ദൈവവും പുത്രനായ തമ്പുരാനും കാണത്തക്ക നിലയിൽ ഒരു സ്ഥലം ഇതാ സൃഷ്ടിച്ചിരിക്കുന്നു. നമുക്കും നമ്മുടെ വീട്ടിലും നാട്ടിലും സഭയിലും സ്വർഗ്ഗം സൃഷ്ടിക്കാം. നല്ല ആത്മീയ അന്തരീക്ഷം ഉള്ളിടത്ത് ആത്മാവിൽ നിറയുക എളുപ്പമാണ്. എന്നാൽ പ്രതികൂലത്തിന്റെ നടുവിൽ ആത്മാവിൽ നിറയുന്നവൻ പ്രതികൂലം അല്ല സ്വർഗ്ഗമാണ് കാണുന്നത്. നാം കാണുന്ന സ്വർഗ്ഗം മറ്റുള്ളവരും ക്രമേണ കാണും. സ്തേഫാനോസ് കണ്ട സ്വർഗ്ഗം, തന്നെ കല്ലെറിയുവാൻ ക്വൊട്ടേഷൻ കൊടുത്ത ശൗൽ പിന്നീട് കണ്ടു. മാത്രമല്ല താൻ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടതായും കാണുന്നു. •



ജോർജ് മാത്യു, പുതുപ്പള്ളി

# മുൾക്കിരീടമോ പൊൻകിരീടമോ ഏതാണ് കരണീയം ?

രണ്ടു ചിത്രങ്ങൾ നമ്മുടെ മുമ്പാകെ വച്ചിരിക്കുന്നു. ഒന്നാമത്, അവമതിയുടെ കിരീടം അണിഞ്ഞു നിൽക്കുന്ന യേശുകർത്താവിന്റെ ചിത്രം. രണ്ടാമത്, ബഹുമതിയുടെ കിരീടം അണിഞ്ഞു നിൽക്കുന്ന മനുഷ്യന്റെ ചിത്രം. മനുഷ്യരുടെ ഇടയിൽ നിന്ദിതനും പീഡിതനുമായി ഗണിക്കപ്പെടുവാൻ യേശു സ്വയം തയ്യാറായി. യേശുവിനെ കണ്ടപ്പോൾ ജനം മുഖം മറച്ചു. ആരും തന്നെ ആദരിച്ചുമില്ല. യെശയ്യാ പ്രവാചകൻ യേശുവിനെപ്പറ്റി ഇങ്ങനെ പ്രവചിച്ചു: അവനു രൂപഗുണം ഇല്ല, കോമളത്വം ഇല്ല. കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു. അവനെ കാണുന്നവർ മുഖം മറച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു. നാം അവനെ ആദരിച്ചുമില്ല (യെശയ്യാവ് 53: 2, 3). ഇത് സ്വർഗത്തിലും ഭൂമിയിലും സകല ബഹുമാനത്തിനും അർഹനായ യേശുകർത്താവ് മനുഷ്യജന്മമെടുത്തു ഭൂമിയിൽ വന്നപ്പോഴത്തെ ചിത്രമാണ്.

രണ്ടാമത്തേത് നമ്മുടെ ചിത്രമാണ്. തിളങ്ങുന്ന പൊൻകിരീടമാണ് നാം ധരിച്ചിരിക്കുന്നത്. ശ്രദ്ധിക്കപ്പെടുവാനും മറ്റുള്ളവരുടെ സ്നേഹവും ആദരവും പിടിച്ചു പറ്റാനുമുള്ള അഭിവാഞ്ഛയുടേതായ പൊൻകിരീടമാണ് നമ്മുടെ തലയിൽ ഇരിക്കുന്നത്. എന്തു വില കൊടുക്കേണ്ടി വന്നാലും മറ്റുള്ളവരുടെ ശ്രദ്ധ നമ്മിൽ കേന്ദ്രീകരിക്കണമെന്നാണ് നമ്മുടെ ആഗ്രഹം. അതിനുവേണ്ടി എന്തു ചെയ്യുവാനും നാം തയാറാണ്. മറ്റെല്ലാ ലക്ഷ്യങ്ങളും ഇതിനെക്കാൾ അപ്രധാനമായി നാം കരുതുന്നു. ഈ ചിത്രങ്ങൾ തമ്മിലുള്ള പ്രകടമായ വൈരുദ്ധ്യം ഈ പാപത്തിന്റെ ഗുരുതരമായ ഭീകരത വ്യക്തമാക്കുന്നു. ശ്രദ്ധിക്കപ്പെടുവാനുള്ള ആഗ്രഹം യേശുവിന്റെ സാദൃശ്യത്തിൽ പുന:സൃഷ്ടിക്കപ്പെടുക എന്ന നമ്മുടെ ദൈവവിളിക്ക് കടകവിരുദ്ധമാണെന്ന വസ്തുത നാം വിസ്മരിക്കരുത്.

മനുഷ്യരുടെ ബഹുമാനം പിടിച്ചുപറ്റാനുള്ള ഉൽക്കടമായ അഭിവാഞ്ഛ നമ്മെ പിടികൂടിയിരിക്കുന്നു. നമ്മെ ബഹുമാനിക്കുന്നുവെന്ന് നാം കരുതുന്ന വ്യക്തികൾ പിന്നീട് നമ്മെ ബഹുമാനിക്കാതെ വന്നാൽ നാം ആകെ അസ്വസ്ഥരാകുന്നു. ദു:ഖവും നൈരാശ്യവും വിഷാദവും നമ്മുടെ ഹൃദയത്തിൽ നിറയുന്നു. ദൈവമാണ് നമ്മെ ആദരിക്കേണ്ടതെന്ന യഥാർത്ഥ്യം നാം വിസ്മരിക്കുന്നു. ദൈവത്തോടുള്ള സ്നേഹത്തിൽ ഒന്നായിത്തീരുവാനുള്ള ദൈവമക്കളുടെ ലക്ഷ്യം അറിയാതെ ഉപേക്ഷിക്കപ്പെടുന്നു.

മാത്രമല്ല, അംഗീകാരത്തിനു വേണ്ടിയുള്ള തൃഷ്ണ പ്രശസ്തിയുടെ പിന്നാലെ പരക്കം പായുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. നാം അല്ലാത്തതെന്തോ ആണെന്നും ഇല്ലാത്ത കഴിവുകൾ നമുക്കുണ്ടെന്നും നടിക്കുന്നു. ഭാവിക്കേണ്ടതിനു മുമ്പെ ഭാവിച്ചുയരുന്ന സ്വഭാവം നമ്മിൽ പിടിമുറുക്കുന്നു. അങ്ങനെ അറിയാതെതന്നെ നാം അസത്യവാദികളും കപടഭക്തരുമായിത്തീരുന്നു.

ശ്രദ്ധിക്കപ്പെടുവാനും അംഗീകാരം നേടുവാനുമുള്ള അഭിവാഞ്ച നമ്മുടെ ഹൃദയത്തിൽ കടന്നുകൂടാൻ അനുവദിക്കരുത്. നിത്യതയിൽ കഠിനമായ ശിക്ഷയായിരിക്കും ഇത്തരക്കാർക്കു ലഭിക്കുക. അംഗീകാരത്തിനു വേണ്ടിയുള്ള അഭിവാഞ്ച നമ്മെ അധഃപ്പതനത്തിലേക്കു നയിക്കുകയും, യേശുവുമായുള്ള ബന്ധത്തിൽ നിന്നു നമ്മെ അകറ്റുകയും ചെയ്യും.

മറ്റുള്ളവരുടെ ബഹുമാനാദരാവുകളോടുള്ള ആസക്തി നമ്മിൽ നിലനിൽക്കുകയാണെങ്കിൽ പരീശന്മാരെക്കുറിച്ച് യേശു പറഞ്ഞ അഭിപ്രായം നമ്മെക്കുറിച്ചും പറയേണ്ടിവരും. തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട് ഏകദൈവത്തിന്റെ പക്കൽനിന്നു ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കുവാൻ കഴിയും? (യോഹന്നാൻ 5: 44). യേശുവിനു വേണ്ടിയാണ് നാം പ്രവർത്തിക്കുന്നതെന്നു ചിന്തിക്കുമ്പോൾ പ്പോലും നമ്മുടെ ലക്ഷ്യം, പേരും പ്രശസ്തിയും മറ്റുള്ളവരുടെ അംഗീകാരവുമായിരിക്കും.

യേശു, പരീശന്മാരെക്കുറിച്ചു പറഞ്ഞ അഭിപ്രായം നമ്മുടെ കാര്യത്തിലും സത്യമായി ഭവിക്കുന്നു. അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യർ കാണേണ്ടതിനത്രെ ചെയ്യുന്നത്. തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. (വലിയ മത തീക്ഷണത ഉള്ളവരാണ് തങ്ങളെന്ന് മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി പരീശന്മാർ പ്രാർത്ഥനാസമയത്തു ധരിച്ചിരുന്നതാണ് മന്ത്രപ്പട്ട). അത്താഴത്തിൽ പ്രധാന സ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യർ റബ്ബി എന്നു വിളിക്കുന്നതും അവർക്കു പ്രിയമാകുന്നു (മത്തായി 23: 5...7).

മനുഷ്യരുടെ ബഹുമാനം പിടിച്ചുപറ്റാനുള്ള ഉൽക്കടമായ അഭിവാഞ്ച ഒരു ദുഃസ്വഭാവവും പാപവുമാണ്. നാം കേൾക്കുകയും അറിയുകയും ചെയ്യരുതാത്ത കാര്യങ്ങൾ അറിയുന്നതിനും കേൾക്കുന്നതിനുമുള്ള ജിജ്ഞാസയുടെ ഉറവിടം പിശാചാണ്. അത്തരം ജിജ്ഞാസയ്ക്കു വഴങ്ങിക്കൊടുക്കുന്നുവെങ്കിൽ നാം പിശാചിന്റെ കെണിയിൽ വീണുകഴിഞ്ഞു. അധാർമ്മികമായ കാര്യങ്ങൾ അറിയുവാൻ പ്രേരിപ്പിക്കുന്ന ജിജ്ഞാസയും, അത്തരം സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും അശ്ളീല പുസ്തകങ്ങൾ വായിക്കുന്നതിനും കാഴ്ചകൾ കാണുന്നതിനും നമ്മെ പ്രേരിപ്പിക്കുന്ന ജിജ്ഞാസയിൽ നിന്നും നാം ഒഴിഞ്ഞിരിക്കണം. ഇത്തരം ജിജ്ഞാസയിൽ നാം വീണുപോയാൽ ഉടനടി അനുതപിച്ച് ഏറ്റുപറഞ്ഞ് പാപക്ഷമ നേടണം.

തെറ്റായ ജിജ്ഞാസയും ശ്രദ്ധിക്കപ്പെടുവാനുള്ള വാഞ്ചയും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാണ്. ഒറ്റനോട്ടത്തിൽ നിരുപദ്രവങ്ങളായ സ്വഭാവങ്ങളാണെന്ന് തോന്നാമെങ്കിലും, നിത്യതയിലേക്കുള്ള യാത്രയിൽ യേശുവിങ്കലുള്ള നമ്മുടെ ലക്ഷ്യം തെറ്റിക്കുവാൻ ഇവ ഇടയാക്കും. നാം അറിയരുതാത്തതായ കാര്യങ്ങൾ അറിയുവാനും കാണുവാനും കേൾക്കുവാനും ശ്രമിക്കുന്നതാണ് തെറ്റായ ജിജ്ഞാസ. അമിതമായ ഇത്തരം ജിജ്ഞാസയുടെ പിന്നിലെ പ്രേരണാശക്തി ചിലപ്പോൾ മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റുവാനുള്ള ആഗ്രഹമായിരിക്കും. എല്ലാവരുടെയും രഹസ്യങ്ങളിലേക്കു ഒളിഞ്ഞുനോക്കാൻ ജിജ്ഞാസുക്കൾ ആഗ്രഹിക്കുന്നു. വിശ്വാസക്കുറവായിരിക്കും ചിലപ്പോൾ ജിജ്ഞാസയുടെ പിന്നിലുള്ളത്. ആത്മനിയന്ത്രണത്തിന്റെ അഭാവവും മറ്റൊരു കാരണമായി ഭവിക്കാം.

യേശുകർത്താവ് തന്റെ സ്വർഗീയ മഹിമകൾ വെടിഞ്ഞു നിന്ദയും അവമതിയും തിരഞ്ഞെടുത്തത് അംഗീകാരത്തിനു വേണ്ടിയുള്ള തൃഷ്ണയിൽ നിന്നു നമ്മെ വീണ്ടെടുക്കുന്നതിനും താഴ്മയും വിനയവുമുള്ള തന്റെ സ്വരൂപത്തിലേക്കു നമ്മെ രൂപാന്തരപ്പെടുത്തുന്നതിനുമാണ്. മറ്റുള്ളവരുടെ രഹസ്യസംഭാഷണങ്ങളും ഗൂഢപ്രവർത്തികളും അറിയുന്നതിൽ നിന്നും, മറ്റുള്ളവരാൽ ശ്രദ്ധിക്കപ്പെടുവാനുള്ള ആഗ്രഹത്തിൽനിന്നും മോചനം പ്രാപിക്കാൻ യേശുകർത്താവിന്റെ കാൽവറിക്രൂശിലേക്ക് വിശ്വാസത്തോടെ നമുക്കു നോക്കാം... ധ്യാനിക്കാം.

എങ്ങനെ ഈ പാപസ്വഭാവത്തിൽ നിന്നും നമുക്കു രക്ഷ നേടുവാൻ കഴിയും? പേരിനും പെരുമയ്ക്കും അംഗീകാരത്തിനും വേണ്ടിയുള്ള ത്വര എത്ര നീചവും നിന്ദ്യവുമായ കാര്യമാണെന്ന് ആദ്യമായി നാം തിരിച്ചറിയണം. അതു വെളിപ്പെടുത്തിത്തരുവാൻ പരിശുദ്ധാത്മാവിനു നാം അവസരം കൊടുക്കണം. ആ പാപത്തിന്റെ വേരുകൾ നമ്മുടെ ഹൃദയത്തിൽ നിന്നു പിഴുതെറിയണം. എല്ലാവരാലും നിന്ദിക്കപ്പെടുവാനും ത്യജിക്കപ്പെടുവാനും തന്നെത്താൻ ഏല്പിച്ചുകൊടുത്ത യേശുകർത്താവിനു നമ്മെ സഹായിക്കുവാൻ കഴിയും. സകലവും ത്യജിക്കുന്ന യേശുവിന്റെ താഴ്മ അവിടുത്തെ കൃപയാൽ നാം സ്വായത്തമാക്കുന്നതോടുകൂടി ദൈവത്തിന്റെ മഹത്തായ നൽവരങ്ങൾ അവൻ നമ്മുടെമേൽ വർഷിക്കും. ●



ചെയ്സ് ജോസഫ്

# യിസ്രായേലിനു സംഭവിക്കുന്നത് എന്ത്?

(റോമാ ലേഖനം 9 മുതൽ 11 വരെ)

**പൗ**ലോസ് വളരെ വേദനയോടെ ആണയിട്ടു പറയുന്ന ചില കാര്യങ്ങളുമായാണ് ഒൻപതാം അധ്യായം ആരംഭിക്കുന്നത്. സകല ജാതികളോടും സുവിശേഷം പറയുന്നത് കൊണ്ടും, ജാതികളെയും യിസ്രായേലിനെയും ഒരേ തട്ടിൽ കണ്ടത് കൊണ്ടും പൗലോസിനെ സഹോദരസ്നേഹം ഇല്ലാത്തവനും വർഗവഞ്ചകനും ആയി യഹൂദന്മാർ കരുതിയിട്ടുണ്ട്. ഒരു യഹൂദൻ സാധാരണ രീതിയിൽ വർഗബോധം ഉള്ള ഒരാൾ ആയിരിക്കണം. എന്നാൽ പൗലോസിനെ ദൈവം ഭരമേല്പിച്ചതു് ഒരു നിരപ്പിന്റെ ശുശ്രൂഷയാണ്. യഹൂദൻ എന്നോ ജാതി എന്നോ വ്യത്യാസമില്ലാതെ സർവവും ക്രിസ്തുവിൽ ഒന്നായി ചേർക്കണം എന്ന ദൈവ വ്യവസ്ഥയുടെ മർമ്മം ആയിരുന്നു പൗലോസിന്റെ സുവിശേഷം. എന്നാൽ ഈ വാക്യങ്ങളിൽ പൗലോസ്, താൻ തന്റെ സ്വന്തം സഹോദരങ്ങളെ എത്ര അധികം സ്നേഹിക്കുന്നു എന്ന് ഊന്നിപ്പറയുന്നു. ദൈവം തെരെഞ്ഞെടുത്ത സ്വന്തജനം മുറിച്ചു മാറ്റപ്പെട്ടതു എത്ര വലിയ ദു:ഖവും ഹൃദയ വേദനയും തന്നിൽ ഉളവാക്കിയിരിക്കുന്നു എന്നും പൗലോസിന്റെ മനസ്സാക്ഷിയിൽ ഉള്ള ആ പിടച്ചിലിനു ആത്മാവ് സാക്ഷി ആണ് എന്നും പൗലോസ് പറയുന്നു.

ചിലർ വിശ്വസിക്കുന്നത് പൗലോസ് അവർക്കു വേണ്ടി തന്നെത്താൻ ശാപഗ്രസ്തൻ ആവാൻ ആഗ്രഹിച്ചു എന്നാണ്. ഒരിക്കലും അങ്ങനെ വേദപുസ്തകം പറയുന്നില്ല. അടുത്ത വാക്യം നമുക്ക് ശ്രദ്ധയോടെ വായിക്കാം. തന്റെ ഹൃദയത്തിൽ സ്വന്ത സഹോദരന്മാരോടുള്ള സ്നേഹം വർധിച്ചിട്ടു, യേശുക്രിസ്തുവിനോട് വേർപെട്ട് ശാപഗ്രസ്തൻ ആവാൻ വേണമെങ്കിൽ ആഗ്രഹിച്ചു പോകാൻ ഇടയായേനെ എന്ന് മാത്രമേ പറയുന്നുള്ളു. ആഗ്രഹിക്കാമായിരുന്നു എന്ന് മാത്രമാണ് നാം ആ വാക്യത്തിൽ കാണുന്നത്. യേശുക്രിസ്തുവിനേക്കാൾ കൂടുതൽ ആരെ എങ്കിലും പൗലോസ് സ്നേഹിച്ചിരുന്നോ? ഒരു കാരണവശാലും ഇല്ല. പൗലോസിന് തന്റെ ചർച്ചക്കാരോട് ജഡപ്രകാരം വളരെ ആഴമായ സ്നേഹം ഉണ്ട് എന്ന സാക്ഷ്യം മാത്രമാണ് അത്.

അടുത്ത വാക്യങ്ങളിൽ യിസ്രായേലിനു യഥാർത്ഥത്തിൽ ഉണ്ടായിരുന്ന അവകാശങ്ങളെക്കുറിച്ച് പൗലോസ് ഓർമ്മിപ്പിക്കുന്നു. ശരിക്കും പുത്രത്വം എന്ന വാഗ്ദത്തവും തേജസ്സിനെക്കുറിച്ചുള്ള വാഗ്ദത്തങ്ങളും അവർക്കുള്ളത് ആയിരുന്നു. ദൈവീക നിയമങ്ങളുടെ ന്യായപ്രമാണവും ആരാധനയ്ക്കുള്ള അവകാശങ്ങളും എല്ലാം യിസ്രായേലിന്നു സ്വന്തം ആയിരുന്നു. വിശ്വാസ പിതാക്കന്മാർ എല്ലാം ജഡപ്രകാരം അവരുടെ പൂർവികരും അവരുടെ അഭിമാനകരമായ അവകാശവും ആയിരുന്നു. ഏറ്റവും പ്രധാനം വാഗ്ദത്തത്തിന്റെ പൂർത്തീകരണമായ യേശുക്രിസ്തു ഉത്ഭവിച്ചതും അവരിൽ നിന്ന് തന്നെയാണ്. സ്വന്തമായതിനെ തന്നെയാണ് അവർ തള്ളിക്കളഞ്ഞത്. പിതാക്കന്മാരിലൂടെ നൽകിയ വാഗ്ദത്തം അവരുടെ ഇടയിൽ തന്നെ നിറവേറിയിട്ടും അവർ അത് തള്ളിക്കളയുന്ന നിർഭാഗ്യകരമായ സാഹചര്യം ആണ് നാം കാണുന്നത്.

യേശുക്രിസ്തുവിന്റെ ദൈവത്വത്തെ ഉറപ്പിക്കുന്ന വളരെ സുപ്രധാനമായ ഒരു വാക്യമാണ് അടുത്ത്. അവൻ സർവ്വതിനും മീതെ ദൈവമായി എന്നേയ്ക്കും വാഴ്ത്തപ്പെട്ടവൻ (റോമർ 9: 5) (ESV ). To them belong the partriarchs, and from their race, according to the flesh, is the Christ, who is God over all, blessed forever.

**യിസ്രായേലിനു സംഭവിക്കുന്നത് എന്ത്?**

Amen, ആമേൻ എന്ന ആണയോട് കൂടി യേശു ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചു അപ്പോസ് തോലിക സാക്ഷ്യം ആയി നൽകപ്പെട്ടിരിക്കുന്ന വാക്യം ആണ് ഇത്.

റോമർ 9 ന്റെ 6 മുതലുള്ള വാക്യങ്ങൾ ന മ്മുടെ ആത്മീകവും ഭൗതീകവുമായ ലോകവീക്ഷ ണത്തെ മാറ്റാൻ ശക്തിയുള്ളതാണ്. യഥാർത്ഥ ത്തിൽ ഭൗതീകമായ ഒരു യിസ്രായേൽ എന്ന ഒ രു ആശയം തന്നെ ആവശ്യമുണ്ടോ എന്ന് പൗലോസ് ചോദിക്കുന്നു. അബ്രഹാമിന്റെ സന്ത തികൾ എന്നത് അബ്രഹാമിന്റെ പിതൃത്വം എ ന്ന അവകാശത്തെ ആണ് നിർവചിക്കുന്നത്. എ ങ്ങനെയാണ് ഒരാൾ അബ്രഹാമിന്റെ സന്തതി ആ വുന്നത്. അവൻ ആർക്കാണ് പിതാവായി ഇരിക്കു ന്നത്? അബ്രഹാമിന്റെ വാഗ്ദത്തം അവൻ വിശ്വാ സികൾക്ക് പിതാവായി ഇരിക്കും എന്നാണ്. അ ത് കൊണ്ട് അബ്രഹാമിൽ നിന്ന് ജഡപ്രകാരം ഉ ത്ഭവിച്ചവർക്കുള്ള പിതൃത്വം അല്ല വാഗ്ദത്തം, വി ശ്വസിക്കുന്നവരുടെ പിതൃത്വം ആണ്. അത് കൊണ്ട് യിസ്രായേലിൽ നിന്നുള്ളവർ എല്ലാം അ ബ്രഹാമിന്റെ സന്തതികൾ ആയതു കൊണ്ട് അ വർ എല്ലാം യാന്ത്രികമായി തന്നെ, സ്വാഭാവിക മായി തന്നെ ദൈവ മക്കൾ ആയി വരികയില്ല. വാഗ്ദത്തങ്ങൾക്കു അവകാശികൾ ആവുകയു മില്ല. അബ്രഹാമിന് യിസ്ഹാക്കിനെ കൂടാതെയും മക്കൾ ഉണ്ട്, എന്നാൽ അവകാശി ഇസ്ഹാക്ക് മാ ത്രമേ ഉള്ളു. അത് പോലെ മക്കൾ ആര് എന്ന് തീരുമാനിക്കുന്നത് ജഡപ്രകാരം ആരിൽ നിന്നു ഉത്ഭവിച്ചു എന്നതിന്റെ അടിസ്ഥാനത്തിലല്ല, പിന്നെയോ വാഗ്ദത്തങ്ങൾ എന്ത് പറയുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ആണ്. അത് കൊണ്ട് യിസ്രായേൽ എല്ലാം അബ്രഹാമിന്റെ മക്കൾ ആണെന്നും അവരെ എല്ലാം രക്ഷിക്കാൻ ദൈവം നിർബന്ധിക്കപ്പെടുന്നു എന്നും പറയാൻ കഴിയുകയില്ല.

വിശ്വസിക്കുന്നവർ ആണ് അബ്രഹാമിന്റെ മ ക്കൾ, ദൈവത്തിന്റെ മക്കൾ!!. ഇനി ഈ സന്ത തികളിൽ ആരു വേണം എന്ന് ദൈവം എങ്ങനെ ആണ് തീരുമാനിച്ചത്? അത് ദൈവത്തിന്റെ നിർ ണ്ണയം ആയിരുന്നു എന്ന് പൗലോസ് പറയുന്നു. വേദപുസ്തകത്തിലെ ആശയങ്ങൾ പലപ്പോഴും മനുഷ്യന്റെ ബുദ്ധിക്കോ അവന്റെ വക്രമായ സന്മാർഗ ബോധത്തിനോ ചേരുന്നതാവണം എന്നില്ല. അതുകൊണ്ട് ദൈവനിർണയത്തെ മാ റ്റാൻ ഒരിക്കലും സാധിക്കുകയില്ല.

അടുത്ത വാക്യങ്ങളിൽ കാണുന്ന ഒരു പ്രധാന പ്രശ്നം ദൈവം എങ്ങനെയാണു തെരെഞ്ഞെടുപ്പ് നടത്തുന്നത് എന്നാണ്. അത് വ്യക്തമാക്കാൻ വേണ്ടി പൗലോസ് ഏശാവി ന്റെയും യാക്കോബിന്റെയും അനുഭവത്തെ ഉദ്ധ രിക്കുന്നു. എന്റെ മനുഷ്യബുദ്ധിയിൽ എന്റെ ആ ർദ്രത എന്നും ഏശാവിനോട് ആയിരുന്നു. ചതി ക്കപ്പെട്ടവൻ ആയിരുന്നു അവൻ. അവസാനം ക്ഷ മിക്കാൻ തയാറായവൻ. സഹോദരനെ സ്നേഹി ച്ചവൻ. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവൻ. സ്വ ന്തം അമ്മയുടെ സ്നേഹം ലഭിക്കാത്തവൻ... ആ ർദ്രതതോന്നാൻ പല കാരണങ്ങൾ ഉണ്ട്. എന്നാ ൽ യാക്കോബിനെ നോക്കുക. അവൻ ചതിയനും തന്ത്രശാലിയുമാണ്. എങ്കിലും ദൈവം യാക്കോബിനെ അബ്രഹാമിന്റെ വാഗ്ദത്തങ്ങ ളുടെ അവകാശി ആയി തെരഞ്ഞെടുക്കുന്നു. ഇത് എന്ത് കൊണ്ടാണ് സംഭവിച്ചത്? ഏശാവ് ആള് ശരിയല്ല എന്നും യാക്കോബ് ആണ് യഥാ ർത്ഥത്തിൽ വിശ്വസ്തൻ എന്നും ദൈവം കണ്ടു പിടിച്ചത് കൊണ്ടാണോ? അങ്ങനെ എങ്കിൽ അ വരിൽ ആര് നല്ലതു എന്ന് നോക്കിയിട്ടാണ്ദൈവം തെരെഞ്ഞെടുപ്പ് നടത്തിയത് എന്ന് വരും. പൗലോസ് അവിടെ വ്യക്തമായി പറയുന്നു തെരഞ്ഞെടുപ്പിന് അടിസ്ഥാനമായ ദൈവ നിർ ണ്ണയം (തീരുമാനം) ഒരു മനുഷ്യന്റെയും പ്രവൃ ത്തികൾ നിമിത്തമല്ല, പിന്നെയോ തെരെഞ്ഞെടു ത്തവന്റെ ഹിതം ആണ്. അത് ദൈവം മനു ഷ്യനോട് വിശദീകരിക്കാൻ താല്പ്പര്യപെടുന്നില്ല. എന്നാൽ ഇവിടെ രണ്ടു കാര്യങ്ങൾ നാം മനസ്സി ലാക്കേണ്ടതുണ്ട്.

**ഒന്നാമതായി** ഇത് ഒരു ജനതയുടെ തെരഞ്ഞെടുപ്പിനെക്കുറിച്ചാണ് പറയുന്നത്. അബ്ര ഹാമിന്റെ സന്തതി ആണ് (കൊച്ചു മക്കൾ) ഏശാവും യാക്കോബും. എന്നാൽ യാക്കോബിനെ മാത്രമാണ് വാഗ്ദത്ത സന്തതി ആയി ദൈവം തെരെഞ്ഞെടുത്തത്.

**രണ്ടാമതായി** ഈ ബുദ്ധിമുട്ടുള്ള ഉപദേശം നാം മനസ്സിലാക്കേണ്ടത് മനുഷ്യ ബുദ്ധിയിൽ അ ല്ല, പിന്നെയോ ദൈവീക വെളിപ്പാടിൽ ആണ്. അപ്പോൾ ഉപദേശങ്ങളുടെ പ്രസ്താവന ആയി അല്ല ദൈവീക മർമ്മങ്ങൾ വെളിപ്പെടുന്നത്, പ്ര ത്യുത, വെളിപ്പാട് ആയി ആണ്. ഒരു നിമിഷം ഒ ന്ന് ആലോചിച്ചു നോക്കുക. നാം എങ്ങനെ ആ ണ് ദൈവമക്കൾ ആയത്? ദൈവമേ, അങ്ങയുടെ കരുണ മാത്രം. ആ കൃപയുടെ മുൻപിൽ ഞങ്ങൾ അത്ഭുതത്തോടെ നിന്ന് അങ്ങയെ നന്ദിയോടെ ആരാധിക്കുന്നു.ഒരു നന്മയും കണ്ടിട്ടല്ല അങ്ങ് ഞങ്ങളെതെരഞ്ഞെടുത്തത്. അങ്ങയുടെ കൃപ യുടെ ധനം എത്ര വലുത് എന്ന് വെളിപ്പെടു ത്താൻ ആണ്. സ്തോത്രം. ●

# ദീർഘവീക്ഷണമില്ലെങ്കിൽ...

സ്കൂളിലും കോളേജിലും പരീക്ഷ എഴുതുവാൻ എത്തുന്ന കുട്ടികൾക്ക് എഴുതുവാൻ ആവശ്യമായ പേപ്പർ കിട്ടാതെ വരിക, വാഹനം ഓടിക്കുവാൻ ആവശ്യമായ ഇന്ധനങ്ങൾക്ക് വേണ്ടി മണിക്കൂറുകൾ പെട്രോൾപമ്പുകളിൽ ക്യൂ നിൽക്കേണ്ടി വരിക, വേണ്ടതുപോലെ ആഹാരമോ വെള്ളമോ ലഭിക്കാതെ ആ ക്യുവിൽ വെച്ച് മരിച്ചു വീഴുക, അവശ്യസാധനങ്ങൾക്ക് വേണ്ടി തെരുവിൽക്കിടന്ന് അടി പിടികൂടുക ഇതുപോലെയുള്ള അനേക സംഭവങ്ങളാണ് ശ്രീലങ്കയിൽ ഇപ്പോൾ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. കടുത്ത സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ഇറക്കുമതി നിലച്ചതിനാൽ ശ്രീലങ്കയിൽ കടലാസ് ക്ഷാമം രൂക്ഷമായതോടുകൂടി പല ദിനപത്രങ്ങളും അച്ചടി നിർത്തിക്കഴിഞ്ഞിരിക്കുന്നു. ജീവൻരക്ഷാ മരുന്നുകൾക്ക് പോലും കടുത്ത ക്ഷാമമാണ് ഇവിടെയുള്ളവർ നേരിട്ടുകൊണ്ടിരിക്കുന്നത്. നിത്യോപയോഗ സാധനങ്ങൾ വാങ്ങുവാൻ വേണ്ടി കിലോമീറ്ററുകൾ നീളമുള്ള ക്യൂവാണ് പലയിടങ്ങളിലും കാണുന്നത്. അവശ്യസാധനങ്ങളുടെ വിതരണച്ചുമതല പലയിടത്തും സൈന്യത്തെ ഏൽപ്പിച്ചു കഴിഞ്ഞു. മാത്രമല്ല ശ്രീലങ്കയിൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനാൽ അഭയം തേടി പൗരന്മാർ രാജ്യം വിട്ടു കൊണ്ടിരിക്കുകയാണെന്ന് റിപ്പോർട്ടുകൾ പുറത്തുവരുന്നു. മനുഷ്യക്കടത്ത് സംഘങ്ങൾക്ക് പണം നൽകിയാണ് പലരും കടൽ കടക്കുന്നത്. ശ്രീലങ്കയിൽ നിന്ന് ബോട്ടിൽ രാമേശ്വരത്തെത്തുവാൻ അമ്പതിനായിരം രൂപ നൽകിയെന്ന് അവിടെ നിന്നും വന്നവർ പറയുന്നു. അടുത്ത ദിവസങ്ങളിൽ ഇന്ത്യയിലേക്ക് അഭയാർഥി പ്രവാഹം ഉണ്ടാകുമെന്നാണ് റിപ്പോർട്ട്. വൈദ്യുതി തടസ്സവും അവശ്യസാധനങ്ങളുടെ ദൗർലഭ്യവും ജനജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്.


ബജറ്റ് കമ്മി ആയപ്പോഴും വരവ് നോക്കാതെ പല വിദേശരാജ്യങ്ങളിൽ നിന്നും കടം വാങ്ങിക്കൂട്ടി എക്സ്പ്രസ് ഹൈവേകളും എയർപോർട്ടുകളും മറ്റ് വികസന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയതും, കുടുംബവാഴ്ചയും ആണ് രാജ്യം ഈ നിലയിലെത്തുവാൻ കാരണം എന്ന് സാമ്പത്തിക വിദഗ്ധർ അഭിപ്രായപ്പെടുന്നു. സഞ്ചാരികളുടെ സ്വപ്നഭൂമിയായ ശ്രീലങ്കയ്ക്ക് കോവിഡ് എന്ന മഹാവ്യാധി ഏൽപ്പിച്ച ആഘാതം ഒട്ടും ചെറുതല്ല. ഭരണാധികാരികളുടെ തലതിരിഞ്ഞ, ദീർഘവീക്ഷണമില്ലാത്ത പരിഷ്ക്കാരങ്ങളും, അഴിമതിയും തകർച്ചയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്.

ശ്രീലങ്കയിലെ ഒരു രാഷ്ട്രീയ നിരീക്ഷകനായ ഉമേഷ് മൊറ മുതലി പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. എന്റെ രാജ്യം അറ്റകുറ്റപ്പണി നടത്തി വാസയോഗ്യം ആക്കുവാൻ പറ്റാത്ത നിലയിൽ തകർന്നുപോയ ഒരു വീട് പോലെ ആയിത്തീർന്നിരിക്കുന്നു എന്നാണ്. ഈ പ്രസ്താവനയിൽ നിന്ന് ആ രാജ്യം നേരിടുന്ന പ്രതിസന്ധി എത്ര വലുതാണെന്ന് മനസ്സിലാക്കാൻ കഴിയുമല്ലോ. ഇന്ത്യ സഹായഹസ്തം നീട്ടിക്കൊണ്ട് മുൻപോട്ട് വന്നിട്ടുണ്ടെങ്കിലും രക്ഷപ്പെടാനാവാത്ത വിധം മാരകമാണ് ശ്രീലങ്ക ഇപ്പോൾ അനുഭവിക്കുന്ന ഈ സാമ്പത്തിക പ്രതിസന്ധി.

കുടുംബവാഴ്ചകളും അഴിമതിയും തിരിച്ചടയ്ക്കാനുള്ള വഴികളൊന്നും മുന്നിൽ കാണാതെ കടമെടുത്തു കൊണ്ടുള്ള പരിഷക്കാരങ്ങളും നടത്തി വികസനത്തിലേക്ക് കുതിക്കുന്നു എന്നൊരു പ്രതീതി മറ്റുള്ളവരുടെ മുമ്പിൽ നടത്തുന്ന എല്ലാ രാജ്യങ്ങളും നാളെ ഈ അവസ്ഥയിൽ എത്തിച്ചേരും എന്നുള്ളതിന് യാതൊരു സംശയവുമില്ല. ഓരോ രാജ്യത്തെയും ജനങ്ങളുടെ ജീവനും സ്വത്തിനും ആരോഗ്യത്തിനും സംരക്ഷണം നൽകുകയും, സമാധാനത്തോടെ ജീവിക്കുവാൻ ഉള്ള സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്യേണ്ടത് ഗവൺമെന്റിന്റെ ചുമതലയാണ്. അതിനുള്ള പ്രകൃതിവിഭവങ്ങൾ ഓരോ രാജ്യത്തിനും ദൈവം നൽകിക്കൊടുത്തിട്ടുണ്ട്. എന്നാൽ ആർത്തിപൂണ്ട ഭരണാധികാരികളും അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരും നിമിത്തം പലരാജ്യങ്ങളും കുത്തുപാള എടുക്കേണ്ട ഗതികേടിൽ എത്തിയിരിക്കുകയാണ്. ഒരുകാലത്ത് പലരും പണം വാരുന്ന ഇടം ആയിരുന്നു ശ്രീലങ്ക. സഞ്ചാരികളുടെ സ്വപ്നഭൂമിയും നിക്ഷേപകർക്ക് ഇഷ്ടപ്പെട്ട മണ്ണും ആയിരുന്ന ശ്രീലങ്കയുടെ തകർച്ച എല്ലാ രാജ്യങ്ങൾക്കും ഒരു പാഠമായിരിക്കട്ടെ. •



ഡോ. സുജിത്ത് സൈമൺ



# പരസ്പരമുള്ള കടമകൾ

**മാതാപിതാക്കളോടുള്ള കടമകൾ:**

പ്രായമായ മാതാപിതാക്കളോട് സ്നേഹ നിർഭരമായ ബന്ധം പുലർത്തുന്നുവെങ്കിൽ അവർക്ക് ദീർഘായുസ്സ് ഉണ്ടാകും എന്നാണ് ഒരു സാമൂഹ്യ ശാസ്ത്രജ്ഞൻ പറയുന്നത്. മക്കളോട് ഏറ്റവും അടുപ്പവും വാത്സല്യവും പുലർത്തുന്ന മാതാപിതാക്കൾക്ക് നൈരാശ്യമോ ശാരീരികമായ അവശതയോ അനുഭവപ്പെടുന്നില്ല എന്ന് ഒരു പഠനത്തിൽ വ്യക്തമാക്കുന്നു. സ്നേഹം നിറഞ്ഞ ഹൃദയവും സ്നേഹപൂർണമായ അനുഭവവും ഉള്ളവരിൽ തലച്ചോറിലെ എൻഡോർഫിൻ ഘടകം വർദ്ധിച്ചിരിക്കും എന്നും അത് ഉന്മേഷം ഉളവാക്കാനും വേദനയെ അതിജീവിക്കാനും ഉതകുന്നു എന്നും കണ്ടുപിടിച്ചിട്ടുണ്ട്. സ്നേഹം നിഷേധിക്കപ്പെടുന്ന അനുഭവം ആരോഗ്യത്തെ സാരമായി ബാധിക്കുന്നു. വിദ്വേഷം, ഈർഷ്യ, കോപം വൈരാഗ്യം തുടങ്ങിയ വികാരങ്ങൾ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. ജീവിതായോധനത്തിൽ നെടുനാളത്തെ അധ്വാനവും ക്ലേശവും അനുഭവിച്ചവർക്ക് ജീവിതസായാഹ്നത്തിൽ വിശ്രമവും സാന്ത്വനവും നൽകുക സമൂഹത്തിന്റെ അനിവാര്യമായ ഉത്തരവാദിത്വമാണ്. എന്നാൽ സമകാലീന സാമൂഹ്യവ്യവസ്ഥയിൽ അവർക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല.

**മക്കളുടെ കടമകൾ**

വിവാഹം കഴിച്ചതിനാൽ മാതാപിതാക്കളോടുള്ള കടമകൾ ഇനി നിർവഹിക്കേണ്ട, ഭാര്യയുടെയും മക്കളുടെയും കാര്യങ്ങൾ നോക്കിയാൽ മതി എന്ന് ഭർത്താവ് കരുതുന്നത് ശരിയല്ല. ഭാര്യയും മക്കളും പ്രഥമപരിഗണനയിൽ ഇരിക്കുമ്പോൾ തന്നെ മാതാപിതാക്കളെ സംരക്ഷിക്കുകയും കരുതുകയും ചെയ്യേണ്ടത് ക്രിസ്തുവിനെ അനുഗമിക്കുന്നവരുടെ കടമയാണ്. മാതാപിതാക്കൾക്ക് പ്രത്യുപകാരം ചെയ്യുന്നത് ദൈവത്തിനു പ്രസാദമാണ് എന്ന് 1 തിമോഥെയോസ് 5: 4 ൽ പറഞ്ഞിരിക്കുന്നു. ഈ കാര്യത്തിൽ പരാജയം സംഭവിച്ചാൽ ആ വ്യക്തി ശരിയായ ആത്മീയനല്ല എന്നാണ് അർത്ഥം. മാതാപിതാക്കൾക്ക് കൊടുക്കാനുള്ളത് കൊടുക്കണം എന്നാണ് കർത്താവ് പഠിപ്പിച്ചിട്ടുള്ളത് (മർക്കോസ് 7 :13). അവർക്കായി ചെയ്യുന്നത് അവർ ചെയ്ത ഉപകാരത്തിനുള്ള പ്രത്യുപകാരമാണ്. അത് മക്കളുടെ കടമയാണ്.അല്ലാതെ അവരോട് മക്കൾ കാണിക്കുന്ന ഒരു ഔദാര്യം അല്ല എന്നോർക്കണം.

വിവാഹശേഷം ജീവിതപങ്കാളിയുടെ സ്വാധീനത്തിലമർന്ന് മാതാപിതാക്കളെ അവഗണിക്കുകയും അവർക്ക് കൊടുക്കേണ്ട സ്ഥാനം കൊടുക്കാതിരിക്കുകയും ചെയ്യുന്നത് പൊതുസമൂഹത്തിനും വിശേഷാൽ വിശ്വാസികൾക്കും യോജിച്ച കാര്യമല്ല. പോറ്റിപ്പുലർത്തി നല്ല നിലയിൽ മക്കളെ എത്തിച്ച മാതാപിതാക്കളോട് അവഗണനാ മനോഭാവം കാണിക്കുന്നത് ദൈവകോപം വരുത്തിവയ്ക്കുന്ന ഒന്നായിട്ട് തന്നെ മനസ്സിലാക്കണം. ഭാര്യയോടും മക്കളോടും അതേസമയം മാതാപിതാക്കളോടും ഒരുപോലെ ഓരോരുത്തർക്കും കൊടുക്കേണ്ട സ്ഥാനം കൊടുത്ത് ശരിയായി വർത്തിച്ചു പോവുക എന്നത് ക്രിസ്തീയ സാക്ഷ്യത്തിലെ ഒരു പ്രധാന ഘടകമാണ്.

**മാതാപിതാക്കന്മാരുടെ പങ്ക്**

സാധാരണയായി മകന്റെ ഭാര്യ, വീട്ടിലേക്ക് വരുന്നതോടെ പ്രശ്നങ്ങൾ ചില ഭവനങ്ങളിൽ ആരംഭിക്കുകയായി. മരുമകളെ സ്വന്തം മകളായി കാണുവാൻ അമ്മാവിയമ്മയ്ക്ക് സാധിക്കാത്തതാണ് ഇതിന്റെ കാരണം. ഒരു മരുമകളെയോ മരുമകനെയോ കിട്ടിയാൽ ഒരു മകളെയോ മകനെയോ കിട്ടി എന്ന് കരുതുക. ഒരു എതിരാളിയോ ശത്രുവോ തന്റെ വീട്ടിൽ വന്ന് കയറി എന്നു വിചാരിക്കരുത്. മനുഷ്യസഹജമായ ന്യൂനതകളും പരിമിതികളും മരുമകളിലും ഉണ്ടായെന്നു വരും. എന്നാൽ അതിനെ ഊതി വീർപ്പിച്ച് കാണാതെ, അവർ ചെയ്യുന്നതിലൊക്കെ കുറ്റം കണ്ടെത്താതെ ഇരിക്കുക എന്നത് പ്രധാനമാണ്. മറ്റൊരു ഭവനത്തിലേക്ക് വരുന്ന, ജീവിതപരിചയം വളരെ കുറവുള്ള പെൺകുട്ടിയെ, സ്നേഹം കൊടുത്ത് ധൈര്യപ്പെടുത്തുവാനും അവളെ അംഗീകരിക്കുവാനും സുരക്ഷിതബോധം നൽകുവാനും ഭർത്താവിനോടൊപ്പം ഭർത്താവിന്റെ വീട്ടുകാരും ശ്രമിക്കേണ്ടതാണ്, മന:പ്പൂർവ്വം ശ്രദ്ധിക്കേണ്ടതാണ്. മരുമകളോട് സ്നേഹത്തോടെ, ആത്മാർത്ഥതയോടെ പെരുമാറുക, അനവസരത്തിലെ ഉപദേശങ്ങളും വിമർശനങ്ങളും ഒഴിവാക്കുക, അതേസമയം മരുമകൾ തെറ്റ് ചെയ്താൽ സ്വന്തം അഭിപ്രായം തുറന്നു പറയുകയും, അത് അടിച്ചേൽപ്പിക്കാതിരിക്കുവാൻ ശ്രദ്ധിക്കുകയും വേണം. അഭിപ്രായം ചോദിച്ചാൽ ഉപദേശം ചോദിച്ചു എന്ന് തെറ്റിദ്ധരിച്ച്, ഉപദേശമല്ല അഭിപ്രായം മാത്രം പറയുക. പന്തിയിൽ പക്ഷാഭേദം കാണിക്കാതെ എല്ലാ മരുമക്കളോടും ഒരേ രീതിയിൽ പെരുമാറാനും അമ്മാവിയമ്മമാർ ശ്രദ്ധിക്കേണ്ടതുണ്ട്. പണ്ടത്തെപ്പോലെ സകല കാര്യങ്ങളിലും മാതാപിതാക്കളുടെ ഇഷ്ടാനുസരണം മകൻ കാര്യങ്ങൾ ചെയ്തുകൊള്ളണം എന്ന് അവർ പ്രതീക്ഷിക്കാൻ പാടില്ല. മക്കളുടെ കുടുംബജീവിതത്തിൽ തടസ്സമായി മാതാപിതാക്കൾ നിൽക്കരുത്. അവർക്ക് ഒരു കുടുംബമായി തീരുമാനങ്ങളെടുക്കാനുള്ള സ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കുകയും അതിൽ കൈകടത്താതെയിരിക്കുകയും വേണം.

**മരുമകളുടെ പങ്ക്**

വിവാഹാനന്തരം ഭർത്താവിന്റെ ഗൃഹത്തിൽ വാസം ആരംഭിക്കുമ്പോൾ തെറ്റായ മുൻവിധികൾ കൂടാതെ വ്യത്യസ്തമായ പുതിയ സാഹചര്യത്തോട് ഇണങ്ങിച്ചേരാൻ മരുമകൾ മന:പ്പൂർവമായ ശ്രമം നടത്തേണ്ടത് ആവശ്യമാണ്. സ്വന്തം ഭവനവുമായി പുതിയ ഭവനത്തെ താരതമ്യപ്പെടുത്തരുത്. അവിടെ ഇങ്ങനെ ആയിരുന്നു എന്ന് പറയാതിരിക്കുക. ഭർത്താവിന്റെ വീട്ടുകാരെ സ്വന്തമെന്ന് അംഗീകരിച്ച് അവരെ സ്നേഹിക്കാനും ബഹുമാനിക്കാനും പഠിക്കണം. ദൈവം എന്നെ ഈ കുടുംബത്തിൽ കൊണ്ടുവന്നിരിക്കുന്നത് ഈ ഭവനം പണിയേണ്ടതിനാണ് എന്ന ബോധ്യത്തിൽ, ചുമതല ബോധത്തോടെ കാര്യങ്ങളിൽ ഏർപ്പെടുക. വ്യത്യസ്ത ചിന്താഗതികൾ വച്ചുപുലർത്തുന്ന ഒരുപക്ഷേ പ്രായത്തിന്റെ നിർബന്ധബുദ്ധി കാണിക്കുന്ന അമ്മാവിയമ്മയെയും അപ്പനെയും ഹൃദയത്തിൽ നിന്ദിക്കാതെ അവരെ ബഹുമാനിക്കുകയും കരുതുകയും വേണം. പ്രായമായവർക്ക് തങ്ങളുടെ ജീവിത ശൈലി മാറ്റുവാൻ അത്ര എളുപ്പമല്ല. അതിനാൽ മരുമകൾ അമ്മാവിയമ്മയുടെ വിചാരങ്ങളും വികാരങ്ങളും അറിഞ്ഞു പെരുമാറാൻ ശ്രമിക്കണം. അവർക്ക് ഏകാന്തത തോന്നിയേക്കാം. ഒരു മകൻ എന്ന നിലയിൽ തന്റെ ഭർത്താവിന്റെ മേൽ അമ്മാവിയമ്മയ്ക്ക് എപ്പോഴും സ്വാതന്ത്ര്യവും അവകാശവും ഉണ്ടെന്ന് മരുമകൾ സ്വന്തം പ്രവൃത്തിയിലൂടെ അവർക്ക് ഉറപ്പു നൽകണം.

**പ്രശ്നങ്ങൾ എങ്ങനെ ഒഴിവാക്കാം?**

അന്യോന്യം കുറ്റം പറയാതിരിക്കുകയും, കുറ്റം കണ്ടുപിടിക്കാതിരിക്കുകയും കുറ്റങ്ങളെ മറ്റുള്ളവരോട് അറിയിക്കാതെ ഇരിക്കുകയും ചെയ്യുക. കുറ്റം പറച്ചിൽ ഒരു ചെവിയിൽ നിന്ന് മറ്റൊരു ചെവിയിൽ എത്തുമ്പോഴാണ് പ്രശ്നങ്ങളുണ്ടാകുന്നത്. ഭർത്താക്കന്മാരോട് ഭാര്യമാർ വീട്ടുകാരെ സംബന്ധിച്ച് പറയുന്ന കാര്യങ്ങൾ അതേ ഗൗരവത്തിൽ എടുക്കാതിരിക്കാൻ ശ്രമിക്കണം. അമ്മാവിയമ്മ ചെയ്ത ചില കാര്യങ്ങളുടെ അർഥം, പറഞ്ഞ വാക്കുകളുടെ അർത്ഥം ഇതൊക്കെ ഭാര്യ വ്യഖ്യാനിച്ചത് ആയിരിക്കുമല്ലോ ഭർത്താവിന് നൽകുന്നത്. അതെല്ലാം അതേപടി വിശ്വസിച്ച് ഉടൻ മകൻ അമ്മയോടു ചോദിക്കാൻ ഇറങ്ങി പുറപ്പെടരുത്. ഭാര്യയുടെ സങ്കടത്തിൽ നിന്നും വികാരാവേശത്തിൽ നിന്നും പറയുന്നതെല്ലാം മുഖവിലയ്ക്ക് എടുക്കരുത്. കേട്ട കാര്യങ്ങളിൽ എത്ര മാത്രം ഗൗരവമുണ്ടെന്നു ശരിയായി അന്വേഷിച്ചറിയണം. അതുപോലെ ഭാര്യയെപ്പറ്റി ഭർതൃവീട്ടുകാർ പറയുന്ന പലതും സത്യമോ അസത്യമോ അർദ്ധസത്യമോ ആയിരിക്കാം. അതെല്ലാം വിശ്വസിച്ചു പെരുമാറ്റത്തിൽ വ്യത്യാസം കാണി

ക്കുവാൻ ഇടയാകരുത്. അമ്മാവിയമ്മയുടെ വിഷമത്തിൽ നിന്നു പറഞ്ഞതെല്ലാം അതുപോലെതന്നെ അംഗീകരിക്കരുത്. ആരോ പറഞ്ഞ ചില കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഭാര്യയെ സംശയിക്കുവാനോ അവളിൽ കുറ്റം ആരോപിക്കുവാനോ തുനിയരുത്.

വീട്ടുകാരുമായി പിണങ്ങുമ്പോൾ ഭാര്യ പറയുന്ന കാര്യങ്ങൾ ഒരു മാർജിൻ ഇട്ടു മാത്രമേ ഭർത്താക്കന്മാർ സ്വീകരിക്കാവൂ. കുറ്റപ്പെടുത്തൽ, ഭീഷണി ഇവയുടെ സ്വരം ഒഴിവാക്കണം. സ്നേഹത്തിൽ സത്യം സംസാരിക്കുക എന്ന് എഫെസ്യർ 4 :15 ലെ പ്രമാണപ്രകാരം വേണം സംസാരിക്കുവാൻ. അമ്മാവിയമ്മയോ, നാത്തൂന്മാരോ ഒക്കെ പറഞ്ഞതായി കേട്ട വിഷയങ്ങളെ മനസ്സിൽ വെച്ചു കൊണ്ടിരിക്കാതെ വിട്ടുകളയുകയും, മന:പ്പൂർവം അവരോട് ക്ഷമിക്കുകയും ചെയ്യുക. അവർ ശരിയല്ലാത്ത നിലയിൽ പ്രവർത്തിച്ചാൽ അവരുടെ ആത്മീയ പരിജ്ഞാനക്കുറവുകൊണ്ടാണല്ലോ ഇങ്ങനെ സംഭവിക്കുന്നത് എന്നോർത്ത് അവരോട് സഹതപിക്കുകയും, അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുക. എന്തെങ്കിലും വിഷയങ്ങൾ ഉണ്ടായാൽ സ്നേഹത്തിന്റെ ആത്മാവിൽ സംസാരിക്കുക. അല്ലാതെ അന്യോന്യം കുറ്റം പറയുകയോ, കുത്തുവാക്ക് പറയുകയോ നിന്ദിക്കുകയോ, ചീത്തവാക്കുകൾ പ്രയോഗിക്കുകയോ ചെയ്യാൻ പാടില്ല. മന:പ്പൂർവമായി ചിന്തകൾക്കും നാവിനും കടിഞ്ഞാണിട്ടു പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്ന ആകാത്ത പ്രവർത്തികളും സംസാരവും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.തമ്മിൽ ദയയും മനസ്സലിവും ഉള്ളവരായി ദൈവം ക്രിസ്തുവിൽ നമ്മോട് ക്ഷമിച്ചതു പോലെ നാമും അന്യോന്യം ക്ഷമിക്കണം.

വാർദ്ധക്യത്തിൽ ഉള്ളവർക്ക് ആദരവും സംരക്ഷണവും നൽകണമെന്ന് ദൈവവചനം അനുശാസിക്കുന്നുണ്ട്, നരച്ച തല ശോഭയുള്ള കിരീടം ആകുന്നു. നീതിയുടെ മാർഗ്ഗത്തിൽ അതിനെ പ്രാപിക്കാം (സദൃശ്യവാക്യങ്ങൾ 16: 31). വാർദ്ധക്യത്തിൽ ഏറ്റവും ആവശ്യമായിരിക്കുന്നത് പ്രശാന്തമായ മനസ്സും, സ്നേഹപൂർണ്ണമായ ശുശ്രൂഷയും ആണ്. അവ സാധാരണമായി ലഭിക്കുക കുടുംബത്തിൽ നിന്നാണ്. കുടുംബാന്തരീക്ഷം പ്രശാന്തം ആണെങ്കിൽ മാത്രമേ ജീവിതത്തിന് സ്വസ്ഥത ലഭിക്കുകയുള്ളൂ. പ്രശാന്തമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ കുടുംബാംഗങ്ങൾക്കെല്ലാം അവരുടേതായ പങ്കുണ്ട്. സ്വന്തം സാന്നിധ്യം കൊണ്ട് മറ്റുള്ളവർക്ക് എങ്ങനെ ആനന്ദം പകരാം എന്നതായിരിക്കണം ഓരോരുത്തരും ചിന്തിക്കേണ്ടത്. ശുശ്രൂഷിക്കപ്പെടുന്നതിൽ അല്ല ശുശ്രൂഷിക്കുന്നതിൽ ആണ് ജീവിതം ധന്യമാകുന്നത് എന്ന തിരിച്ചറിവ് അനിവാര്യമാണ്. •

## മാന്യ വരിക്കാരുടെ ശ്രദ്ധക്ക്

- ◆ അഡ്രസ് സ്ളിപ്പിന്റെ ഇടതുവശത്തു മുകൾ ഭാഗത്തു കൊടുത്തിരിക്കുന്ന ID നമ്പർ ഓഫീസുമായി ബന്ധപ്പെടുമ്പോൾ അറിയിക്കേണ്ടതാണ്.
- ◆ പലരുടെയും വരിസംഖ്യ കാലാവധി കഴിഞ്ഞിരിക്കുന്നതിനാൽ വരിസംഖ്യ അടയ്ക്കുന്നത് ഈ ശുശ്രൂഷയ്ക്ക് വലിയ സഹായമായിരിക്കും. പേജ് 31 ൽ കൊടുത്തിരിക്കുന്ന QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്. കുടിശിക എത്രയെന്നറിയുവാൻ ഓഫീസുമായി ബന്ധപ്പെടുക.
- ◆ വിലാസം അപൂർണ്ണമായതിനാൽ ചില മാസികകൾ മടങ്ങി വന്നിട്ടുണ്ട്. ഫോൺ നമ്പർ ഇല്ലാത്തതിനാൽ ബന്ധപ്പെടുവാനും കഴിയുന്നില്ല. മാസിക കിട്ടാത്തവർ ഓഫീസുമായി ബന്ധപ്പെടുക.
- ◆ മേൽവിലാസത്തിൽ മാറ്റം വരുന്നപക്ഷം പഴയ വിലാസവും, മാറിയ പുതിയ വിലാസവും ഫോൺനമ്പറും ഓഫീസിൽ അറിയിക്കുക. (Office : 9495 435 336, Editor : 9495 213 269 E-mail: editornerveedhi@gmail.com)
- ◆ കമ്പ്യൂട്ടർ കോപ്പി (PDF) ആവശ്യമുള്ളവർ E-mail ID അയച്ചു തരിക.
- ◆ നിങ്ങളുടെ സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കും മാസിക പരിചയപ്പെടുത്തുന്നത് ഈ ശുശ്രൂഷയ്ക്ക് സഹായകരമാണ്.

എഡിറ്റർ



പി.വി. വർഗീസ്

# കർത്താവാണ് എന്റെ സഹായി; ഞാൻ ഭയപ്പെടുകയില്ല

***ഒരുനാളും ഞാൻ നിന്നെ ഉപേക്ഷിക്കുകയില്ല, ഒരുനാളും ഞാൻ നിന്നെ കൈവെടിയുകയുമില്ല, എന്നു ദൈവം അരുളിച്ചെയ്തിട്ടുണ്ടല്ലോ. അതുകൊണ്ട് ആത്മവിശ്വാസത്തോടെ നമുക്ക് പറയാം, കർത്താവാണ് എന്റെ സഹായി; ഞാൻ ഭയപ്പെടുകയില്ല. വെറും മർത്യന് എന്നോട് എന്തുചെയ്യാൻ കഴിയും? (എബ്രായർ 13:5,6)***

**വി**ശ്വാസത്തിൽ അചഞ്ചലരായിരിക്കുക, കാരണം ഒട്ടേറെ കഷ്ടതകൾ സഹിച്ചു വേണം നമുക്ക് ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ എന്ന് പൗലോസ് ശിഷ്യന്മാരെ പ്രബോധിപ്പിച്ചു ധൈര്യപ്പെടുത്തുന്ന സംഭവം അപ്പോസ്തലപ്രവർത്തി 14: 22 ൽ കാണുന്നത്. ഈ പ്രബോധനത്തിന്റെ പശ്ചാത്തലം 19 ാം വചനം മുതൽ വിവരിക്കുന്നുണ്ട്. പൗലോസിനെ കല്ലെറിഞ്ഞവർ, താൻ മരിച്ചു എന്ന് കരുതി, വലിച്ചിഴച്ചു പട്ടണത്തിനു വെളിയിൽ കൊണ്ടുപോയി കളഞ്ഞു. ഇവിടെ കല്ലേറേറ്റതിനാലുള്ള പരിക്കും, വലിച്ചിഴച്ചപ്പോൾ ഉരഞ്ഞുകീറിയ ശരീരത്തിലെ മറ്റു പരിക്കുകളും വകവയ്ക്കാതെ പിറ്റേന്ന് തന്നെ പൗലോസും ബർന്നബാസും ദർബ്ബയിലേക്കു യാത്രയായി. ഒരു ദിവസത്തെ വിശ്രമം പോലും എടുത്തില്ല എന്നത് ഏറെ ചിന്തനീയമാണ്. അവിടുത്തെ പ്രവർത്തനത്തിന് ശേഷം അവരുടെ മടക്കയാത്രയിൽ ലുസ്ത്ര, ഇക്കോന്യ, അന്ത്യോക്യ എന്നിവിടങ്ങൾ സന്ദർശിച്ചു അവരെ ധൈര്യപ്പെടുത്തുന്നതാണ് മേലുദ്ധരിച്ച 22 ാം വാക്യം. സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ കാര്യങ്ങളെ ബോധ്യപ്പെടുത്തിക്കൊണ്ടുള്ള ഈ വചനം കേട്ടവരുടെ ഹൃദയത്തിൽ ആഴമായി പതിഞ്ഞു എന്നതിൽ സന്ദേഹമുണ്ടോ?

ക്രിസ്തീയജീവിതം നയിക്കുന്ന നമ്മിൽ അനേകരും ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ കഠിനശോധന സഹിക്കുന്നവരായിരിക്കാം. പ്രിയപ്പെട്ടവരുടെ ഗുരുതരമായ രോഗാവസ്ഥയായിരിക്കും ചിലരുടെ പ്രശ്നം. ഇതിനു മുൻപ് കടന്നുപോയിട്ടില്ലാത്ത ദുർഘടങ്ങളിലൂടെ ഏകാന്തപഥികനായി അവയെ നേരിടുകയായിരിക്കാം മറ്റു ചിലർ. ഈ സാഹചര്യങ്ങളൊക്കെ ആകുലചിന്തയ്ക്കും മനസ്സിന്റെ പിരിമുറുക്കത്തിനും അസ്വസ്ഥതയ്ക്കും കാരണവും ആകുന്നു. മനസ്സാ, വാചാ, അറിയാത്ത ആരോപണങ്ങളിൽ കലങ്ങി മറിയുന്നവരായിരിക്കാം മറ്റു ചിലർ. കടഭാരങ്ങളും, അകാരണമായ ഭയങ്ങളും, പലരുടെയും മനസ്സിനെ മഥിച്ചു ഭീരുക്കളാക്കിക്കൊണ്ടിരിക്കുന്നു. മറ്റുള്ളവർ തനിക്കെതിരെ മന്ത്രവാദം ചെയ്തു എന്ന സംശയം, ചില ബന്ധനങ്ങൾ ഉണ്ടെന്നുള്ള വ്യാജപ്രവചനം, ശരീരത്തിൽ കാണുന്ന ചില ലക്ഷണങ്ങൾ ഏതെങ്കിലും മാരകരോഗമായിരിക്കുമോ എന്ന ഭയം, യാത്രയിൽ അപകടങ്ങൾ ഉണ്ടാകുമോ എന്ന ഭീതി എന്നിങ്ങനെ പോകുന്നു അകാരണഭയം ഉളവാക്കുന്ന കാര്യങ്ങൾ. ചെറുതും വലുതുമായ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്ക് തനിയെ പ്രാപ്തിയില്ല താനും. ഇവിടെയാണ് സർവ്വശക്തനായ ദൈവത്തിൽ വിശ്വസിച്ചു, ആശ്രയിക്കുന്നതിന്റെ പ്രസക്തി.

ഒരിക്കൽ സുവിശേഷപ്രസംഗം കേൾക്കുവാൻ എത്തിയ ഒരു സഹോദരിക്ക് യോഗത്തിനിടയിൽ തന്റെ അമ്മ ഗുരുതര രോഗാവസ്ഥയിൽ

ആണെന്നും, ഉടൻ മടങ്ങി വരണമെന്നും വാട്ട്സാപ്പിൽ ഒരു സന്ദേശം ലഭിച്ചു. നല്ല ആത്മീയ നിലവാരം പുലർത്തിയിരുന്ന, അതായത് പൂർണ്ണ ദൈവാശ്രയം ഉണ്ടായിരുന്ന സഹോദരിക്ക് ദൈവത്തിനു തന്നോട് അന്ന് എന്തോ പ്രത്യേകമായ ദൂതറിയിക്കുവാൻ ഉണ്ടെന്നും, ആയതിനാൽ പ്രസംഗം കഴിഞ്ഞിട്ടേ മടങ്ങുന്നുള്ളൂ എന്നും തീരുമാനിച്ചു. ദൈവത്തിലാശ്രയിച്ചു യോഗത്തിൽ തുടർന്നു. അന്നത്തെ പ്രസംഗകൻ ഉദ്ധരിച്ചു പ്രസംഗിച്ച വാക്യമാണ് എബ്രായർ 13:5,6. നാം പ്രശ്നങ്ങളിലൂടെ കടന്നു പോകുമ്പോൾ ആ പ്രശ്നത്തിന്റെ പേര് ഉദ്ധരിച്ചു കൊണ്ട്, ഈ പ്രശ്നം പരിഹരിക്കാൻ എന്റെ ഉടയവനായ യേശു എന്നോട് കൂടെ ഉണ്ടെന്നും എന്നെ സഹായിക്കുമെന്നും ഹൃദയം കൊണ്ടും നാവുകൊണ്ടും പല തവണ ആവർത്തിച്ചു പ്രഖ്യാപിക്കണമെന്നും, നമുക്ക്ധൈര്യം പകരുന്നതിനും പ്രശ്നങ്ങളുടെ നീക്കുപോക്ക് പ്രാപിക്കുന്നതിനും അങ്ങനെ ഇടയായിത്തീരും എന്നും, പ്രസംഗകൻ പല പ്രാവശ്യം ആവർത്തിക്കുകയും, കേൾവിക്കാരെക്കൊണ്ട് അത് ഏറ്റുപറയിപ്പിക്കുകയും ചെയ്തു. നമ്മുടെ സഹോദരി ഇത് കേൾക്കുകയും ഏറ്റു പറയുകയും ചെയ്തപ്പോൾ അവളുടെ ഹൃദയത്തിൽ ധൈര്യവും സമാധാനവും ആശ്വാസവും ഉണ്ടായി. എല്ലാ പിരിമുറുക്കവും അസ്വസ്ഥതയും മാറി. അവളുടെ ഹൃദയം സമാധാനത്താൽ നിറഞ്ഞു. ദീർഘദൂരം തനിയെ യാത്ര ചെയ്തു അവൾ വീട്ടിലെത്തിയെപ്പോൾ തന്റെ മാതാവ് പൂർണ്ണസൗഖ്യത്തോടെയും സന്തോഷത്തോടെയും ഇരിക്കുന്നതു കണ്ടു ദൈവത്തെ മഹത്വപ്പെടുത്തി.

വാസ്തവത്തിൽ ഈ സംഭവം അവളുടെ ജീവിതത്തിൽ ഒരു വലിയ വഴിത്തിരിവായി മാറുകയായിരുന്നു. ഈ അനുഭവത്തെത്തുടർന്നു ചെറുതോ വലുതോ ആയ എന്ത് പ്രശ്നം നേരിട്ടാലും യേശു ഒരുനാളും എന്നെ ഉപേക്ഷിക്കുകയില്ല, ഒരുനാളും എന്നെ കൈവെടിയുകയുമില്ലയെന്നും, കർത്താവാണ് എന്റെ സഹായി; ഞാൻ ഭയപ്പെടുകയില്ല, വെറും മർത്യന് എന്നോട് എന്തുചെയ്യാൻ കഴിയുമെന്നുമുള്ള ഏറ്റുപറച്ചിൽ, അവളുടെ വിശ്വാസത്തെ വർധിപ്പിക്കുകയും, അതുവരെ തന്റെ ജീവിതത്തിൽ ഇല്ലാതിരുന്ന ദൈവാശ്രയവും ദൈവസാന്നിധ്യവും അനുഭവിച്ചു സംതൃപ്തിയോടെ ജീവിച്ചു, ജീവിതം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തി അനേകർക്ക് മാതൃക ആയിത്തീരുകയും ചെയ്തു.

ഇവിടെ നമുക്ക് ലഭിക്കുന്ന ഒരു സന്ദേശം, പ്രശ്നങ്ങളിലേക്ക് നോക്കിയാൽ ആകുലത വർധിക്കുകയും, എന്നാൽ പ്രശ്ങ്ങളുടെ പരിഹാരകനായ സർവശക്തനിലേക്കു നോക്കിയാൽ പരിഹാരം ലഭിക്കുകയും ചെയ്യും എന്നുള്ളതാണ്. എന്നാൽ ഇന്ന് പലരും ചെയ്യുന്നത് സാഹചര്യങ്ങളെയും ഇടപെട്ടു കൊണ്ടിരിക്കുന്ന വ്യക്തികളെയും പ്രശ്നങ്ങളുടെ കാരണങ്ങളായും കാരണക്കാരായും കണ്ടു, വ്യക്തികളോടും സാഹചര്യങ്ങളോടും മല്ലടിക്കുകയാണ്. ഭയവും പ്രശ്നവും മാറണമെങ്കിൽ പ്രശ്നങ്ങളെ പരിഹരിക്കുവാൻ പ്രാപ്തനായ യേശുകർത്താവിങ്കലേക്കു നോക്കുകയും അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുകയുമാണ് ചെയ്യേണ്ടത്.

മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നം പാപമാകുന്നു. ഏറ്റവും വലിയ രോഗവും പാപം തന്നെ, അതായത് പാപരോഗം. ഉദാഹരണത്തിന് യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന പക്ഷവാതരോഗിയോട് യേശു പറഞ്ഞത്: നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നാണു. ബെഥേസ്ദ കുളക്കരയിൽ വച്ച് സൗഖ്യമാക്കിയ ആളിനോട് അധികം തിന്മയായതു ഭവിക്കാതിരിക്കുവാൻ മേലാൽ പാപം ചെയ്യരുത് എന്നുമാണ് പിന്നീട് യേശു പറഞ്ഞത്.

നമുക്ക് യുദ്ധമുള്ളതു മനുഷ്യർക്കെതിരെയല്ല, മറിച്ച് ഈ ഇരുളടഞ്ഞ ലോകത്തിന്റെ അധികാരികളോടും അധികാരങ്ങളോടും ആകാശത്തിലെ ദുഷ്ടാത്മാക്കളോടുമാണ്. ഉദാഹരണമായിട്ടു സ്വന്തസഹോദരങ്ങൾക്ക് ജീവിതത്തിൽ, ഒരിക്കലും യോസേഫിനെ വീണ്ടും കാണുവാൻ കഴിയുകയില്ല എന്ന മന:പ്പൂർവ്വമായ ബോധ്യത്തോടെ ചെയ്ത കൊടും ക്രൂരതയാണ്, യോസേഫ് മിസ്രയീമിലേക്കു ചെന്ന് പെടുവാൻ കാരണം എന്ന് പ്രഥമദൃഷ്ട്യാ വചനം പഠിക്കുമ്പോൾതോന്നും. എന്നാൽ കുറേക്കൂടി ആഴമായി പരിശോധിച്ചാൽ ദൈവികപദ്ധതി അനുസരിച്ചാണ് അങ്ങനെ സംഭവിച്ചത് എന്ന് വ്യക്തമാണ്. സങ്കീർത്തനം 105: 17 ൽ അവിടുന്ന് ഒരു പുരുഷനെ അവർക്കുമുമ്പായി അയച്ചു, അടിമയായി വിൽക്കപ്പെട്ട യോസേഫിനെത്തന്നെ. അവർ ചങ്ങലയാൽ അദ്ദേഹത്തിന്റെ പാദങ്ങളിൽ മുറിവേൽപ്പിച്ചു, എന്ന് വ്യാഖ്യാനത്തിനു അതീതമായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രശ്നം ആരുടേതായാലും സാഹചര്യം എന്തായാലും കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയായി കർത്താവു നമ്മോടു കൂടെയുണ്ടെന്ന വിശ്വാസവും പൂർണ്ണബോധ്യത്തോടെയുള്ള ഏറ്റുപറച്ചിലും കർത്താവു നമ്മുടെ സഹായി ആണെന്നുള്ള ധൈര്യത്തിലേക്കു ദൈവം നമ്മെ നടത്തും. ●

ബെഞ്ചമിൻ വർഗീസ്

# പ്രേഷിത ദൗത്യവുമായി...

യൂറോപ്യൻ രാജ്യങ്ങളിൽ പലതും അപ്പോഴേക്കും ഇന്ത്യയുമായി വാണിജ്യരാഷ്ട്രീയബന്ധം പുലർത്താനാരംഭിക്കുകയും ഇന്ത്യയിൽ കോളനികൾ സ്ഥാപിക്കുകയും ചെയ്തു. ഇതുമുഖാന്തരം അക്കാലയളവിൽ യൂറോപ്പിലെ തത്വചിന്തകർക്ക് ഭാരതത്തിലെ തത്വചിന്താധാരയെക്കുറിച്ച് അറിവു ലഭിക്കുകയും പലരും അതിൽ ആകൃഷ്ടരാകുകയും ചെയ്തു. ബാല്യം മുതൽതന്നെ ഹെർമന് തത്വചിന്തയിൽ താത്പര്യമുണ്ടായിരുന്നുവെന്ന കാര്യം നമുക്കറിവുള്ളതാണല്ലോ.

ഇന്ത്യയിലേയ്ക്ക് പോകുവാനുള്ള താത്പര്യം ഹെർമൻ ആദ്യം പ്രകടിപ്പിച്ചത് ആത്മഹത്യാപ്രവണത കാട്ടിയ ഒരു സുഹൃത്തിന്റെ മനംമാറ്റത്തിനു വേണ്ടി ദൈവത്തോട് പ്രാർത്ഥിച്ചപ്പോഴാണ്. തന്റെ സുഹൃത്തിന് ദൈവം വിടുതൽ കൊടുത്താൽ ഇന്ത്യയിലേയ്ക്ക് പ്രേഷിതവേലയ്ക്കായി പോകാം എന്ന് ഹെർമൻ ദൈവസന്നിധിയിൽ സമർപ്പിച്ചു.പിന്നീട്ഹെർമനിൽ യഥാർഥ മാനസാന്തരം വന്നതിനുശേഷം തന്റെ തീരുമാനം പ്രാവർത്തികമാക്കുവാനുള്ള അവസരം ദൈവം ഹെർമനു നൽകി.

1835 ൽ ഹെർമന്റെ പ്രിയ അധ്യാപകനായിരുന്ന സ്ട്രോസ് യേശുവിന്റെ ജീവിതം: ഒരു വിമർശനാത്മക പഠനം എന്നൊരു പുസ്തകം പ്രസിദ്ധീകരിച്ചു. ഹേഗലിന്റെ തത്വചിന്തകളിൽ നിന്നു ഉരുത്തിരിഞ്ഞു വന്നതും വേദപുസ്തകത്തിലെ(പ്രത്യേകിച്ചും പുതിയനിയമത്തിലെ) അത്ഭുതങ്ങളെ നിരാകരിച്ചുകൊണ്ട് യേശു കേവലം ഒരു മനുഷ്യൻ മാത്രമാണെന്നാണ് ഈ പുസ്തകത്തിലൂടെ സ്ട്രോസ് സ്ഥാപിക്കാൻ ശ്രമിച്ചത്. യൂറോപ്പിലെങ്ങും ഈ പുസ്തകത്തിന് പ്രചുരപ്രചാരം ലഭിക്കുവാനിടയായി. അനേകരുടെ വിശ്വാസ അടിത്തറയെ ഇളക്കുവാൻ ഈ പുസ്തകത്തിനായി. ഹെർമനാകട്ടെ തന്റെ സുഹൃത്തുക്കളായ ക്രൈസ്തവ സഹോദരങ്ങളെക്കൂട്ടിക്കൊണ്ട് ദൈവം ഈ ദുരുപദേശത്തെ മറിച്ചുകളയേണം എന്ന് പ്രാർത്ഥിക്കാനാരംഭിച്ചു. അധികം താമസിയാതെ ഈ പ്രാർത്ഥനയ്ക്കും മറുപടി ലഭിച്ചു. അതുവരെ ക്രൈസ്തവ വിശ്വാസികളെ അപഹസിക്കുന്നതിനും എതിർനിൽക്കുന്നതിനും മുമ്പിൽ നിന്നിരുന്ന മേഗ്ലിംഗ് എന്ന വിദ്യാർത്ഥി 1835 ഏപ്രിലിൽ മാനസാന്തരപ്പെട്ട് യേശുവിനെ പ്രസംഗിക്കുവാൻ തുടങ്ങി. പിന്നീട് അവൻ ബാസലിൽ ചെന്ന് ഒരു വേദോപദേശകനാകുവാൻ തീരുമാനമെടുത്തു. ഇതറിഞ്ഞ ഹെർമൻ, സ്ട്രൗസ് തോറ്റുപോയി, കർത്താവായയേശുക്രിസ്തുവോ ഇന്നും ജീവിക്കുന്നു എന്നതിനെ, ഈ അടയാളത്താൽ താൻ തന്നെ സാക്ഷീകരിച്ചിരിക്കുന്നു എന്ന് ഉള്ളിൽ ബോധ്യപ്പെട്ടു.

ഈ സമയത്തൊരിക്കലാണ് പ്രശസ്തനായ ജോർജ് മുള്ളറുടെ ഭാര്യാസഹോദരനും ഇന്ത്യയിൽ മിഷണറിയുമായിരുന്ന ആന്റണി ഗ്രോവ്സ്സ ഗുണ്ടർട്ടിനെക്കുറിച്ച് കേൾക്കാനിടയായത്. അദ്ദേഹം റ്റ്യൂബിങ്ങൻ പട്ടണത്തിൽച്ചെന്ന് ഗുണ്ടർട്ടിനെ കാണുകയും, ഇന്ത്യയിലേയ്ക്ക് അദ്ദേഹത്തെ ക്ഷണിക്കുകയും ചെയ്തു. തന്റെ മക്കളെയും,

ഇന്ത്യയിലുള്ളവരെയും പഠിപ്പിക്കുവാനുള്ള ദൗത്യമാണ് ഗ്രോവ്സ് ഗുണ്ടർട്ടിനുമുമ്പിൽ വെച്ചുനീട്ടിയത്. ഗുണ്ടർട്ടാകട്ടെ ഇതിനു തൊട്ടുമുമ്പായി തന്നെക്കുറിച്ചുള്ള ദൈവേഷ്ടം എന്തെന്നറിയേണ്ടതിനായി വളരെ പ്രാർത്ഥിക്കുകയും, എന്നെ ആർ ആദ്യം ദൈവവേലയ്ക്കായി വിളിക്കുമോ, അവരുടെ വിളി കർത്താവിന്റെ വിളിയായി വിചാരിച്ചു അനുസരിക്കും എന്ന് തീരുമാനിച്ചിരിക്കുകയുമായിരുന്നു. അതുകൊണ്ട് താൻ ഗ്രോവ്സ്സിന്റെ ക്ഷണം ഉടൻതന്നെ സന്തോഷത്തോടെ സ്വീകരിച്ചു. എന്നാൽ ഈ വിദൂരദേശത്ത് അറിയാത്ത ഭാഷക്കാരോട് എങ്ങനെ സുവിശേഷം പറയും എന്നൊരു ആശങ്കയും തനിക്കുണ്ടായി. സ്വന്തനാട്ടിൽ എന്റെ വേല ഫലിക്കുന്നില്ലെങ്കിൽ അന്യനാട്ടിൽ എങ്ങനെ ഫലിക്കും എന്ന് താൻ വ്യാകുലപ്പെട്ടു. അപ്പോഴാണ് മാനസാന്തരപ്പെടാത്തവനായ ഒരു സുഹൃത്ത് ആത്മഹത്യയ്ക്കൊരുങ്ങുന്നുവെന്ന് ഗുണ്ടർട്ട് കേട്ടത്. ഉടൻതന്നെ ഗുണ്ടർട്ട് ആ സുഹൃത്തിന്റെ അരികിലെത്തി സുവിശേഷം പറയുകയും അദ്ദേഹം മാനസാന്തരപ്പെടുകയും ചെയ്തു. ഇതോടെ, തന്നെ അലട്ടിക്കൊണ്ടിരുന്ന ആശങ്കകൾ മാറി, ഇന്ത്യയിലെ സുവിശേഷവേലയ്ക്കായി പോകുവാൻ ഗുണ്ടർട്ട് ഒരുങ്ങുകയും ചെയ്തു.

ഇന്ത്യയിലേയ്ക്ക് പുറപ്പെടും മുമ്പേതന്നെ ഗുണ്ടർട്ട് ദൈവികശാസ്ത്രത്തിൽ ബിരുദവും ഡോക്റ്ററേറ്റും നേടുകയുണ്ടായി. തുടർന്ന് തന്റെ പിതാവിന്റെയും, രാജാവിന്റെയും അനുമതി വാങ്ങിയശേഷം ഇംഗ്ലണ്ടിൽ ചെന്ന് ഗ്രോവ്സ് സായ്പിനോടൊപ്പം ചേർന്നു. അവിടെ അദ്ദേഹത്തിനു 6 മാസത്തോളം സമയം ചെലവിടേണ്ടതായി വന്നു. ഇക്കാലയളവിലും പിന്നീട് ഇന്ത്യയിലേയ്ക്കുള്ള കപ്പൽയാത്രയിലും താൻ ബംഗാളി, തെലുങ്ക്, ഹിന്ദുസ്ഥാനി എന്നീ ഭാഷകൾ ശീലിച്ചു. ഇന്ത്യയിലെത്തിയ ശേഷം കൽക്കത്തയിലേയ്ക്ക് പോകുവാനാണ് ഗുണ്ടർട്ട് ആഗ്രഹിച്ചത്. ഏതായാലും കാത്തിരിപ്പുകൾക്കൊടുവിൽ 1836 ലെ ദു:ഖവെള്ളിയാഴ്ചദിനം ഗുണ്ടർട്ടിനെയും ഗ്രോവ്സിന്റെ കുടുംബത്തെയും, അവരോടൊപ്പം ഇന്ത്യയുടെ സുവിശേഷീകരണത്തിൽ തല്പരരായ മറ്റു കുറെ യുവമിഷണറിമാരെയും വഹിച്ചുകൊണ്ടുള്ള കപ്പൽ ഇംഗ്ലണ്ടിലെ ബ്രിസ്റ്റോൾ തുറമുഖത്തു നിന്നും ഇന്ത്യയെ ലക്ഷ്യമാക്കി യാത്രതിരിച്ചു. ഈ സംഘത്തിൽ ഉൾപെട്ടിരുന്ന ജൂലിയ (ജൂലി) ഡിബോവ (Julie DuBois) എന്ന ഫ്രഞ്ച് വനിതയെക്കുറിച്ച് നമ്മൾ തുടർ ലക്കങ്ങളിൽ വീണ്ടും വായിക്കും. കൽക്കത്തയിൽ ചെന്നിറങ്ങുകയെന്നതായിരുന്നു അവരുടെ ആഗ്രഹം എങ്കിലും 1836 ജൂലൈ 8 ആ യാനപാത്രം മദ്രാസ് തുറമുഖത്ത് (ചെന്നൈ) നങ്കൂരമിട്ടു. രണ്ടുമൂന്ന് ദിനം അവിടെ പാർത്തതിനുശേഷം ഒരുദിവസം ഗ്രോവ്സ് സായ്പ് ഗുണ്ടർട്ടിനോട് പ്രിയ സ്നേഹിതാ, നാം കൽക്കത്തയിലേയ്ക്ക് പോകാതെ ഇവിടെതന്നെ താമസിച്ചാലോ? ഇവിടുത്തെ ക്രിസ്ത്യാനികൾ എത്ര സ്നേഹം കാണിക്കുന്നു. ഇംഗ്ലീഷ് സഭാധ്യക്ഷനും വളരെ താഴ്മയുള്ള ഒരു വ്യക്തിയാണ്. തിരുനെൽവേലിയിലെ സഹോദരന്മാരും സമീപമാണ്. ഇതൊക്കേയും വിചാരിച്ചാൽ ഇവിടെ പാർക്കുന്നതാണ് നല്ലതെന്ന് എനിക്കുതോന്നുന്നു എന്ന് പറഞ്ഞു. ഇതുകേട്ട് ഗുണ്ടർട്ടിന്റെ ഹൃദയം തകർന്നുപോയെങ്കിലും ഗ്രോവ്സിനെ അനുസരിക്കുകയല്ലാതെ മറ്റൊരുതരവുമില്ലാഞ്ഞതിനാൽ മദ്രാസിൽതന്നെ തുടരാൻ തീരുമാനിച്ച് തെലുങ്കും തമിഴും അഭ്യസിപ്പാൻ തുടങ്ങി. ഗ്രോവ്സിന്റെ 18 ഉം 19 ഉം വയസുണ്ടായിരുന്ന പുത്രന്മാരാകട്ടെ തത്വജ്ഞാനത്തിലും വേദശാസ്ത്രത്തിലും യാതൊരു താത്പര്യവും കാട്ടുകയും ചെയ്തില്ല. ഇതും ഗുണ്ടർട്ടിനു വിഷമമായി. ഈ അന്യദേശത്ത് കർത്താവിന്റെ വേല ഇനിയെങ്ങനെ ചെയ്യും എന്ന് ചിന്തിച്ച് വിഷാദിച്ചിരുന്ന ഗുണ്ടർട്ടിനു മുമ്പിൽ പുതിയൊരു വാതായനം ആകസ്മികമായി തുറന്നുവന്നു. അതോടെ ആ അനുഗ്രഹീത ദൈവദാസന്റെ ഇന്ത്യയിലെ സുവിശേഷവേലയ്ക്ക് ആരംഭവുമായി. കർത്താവിന്റെ ശിഷ്യൻ കർത്താവുമായി നിരന്തരസമ്പർക്കത്തിലിരിക്കുന്നുവെങ്കിൽ കർത്താവുതന്നെ അവനെ വഴിനടത്തും എന്നതിനുള്ള ഉത്തമോദാഹരണമാണ് ഗുണ്ടർട്ടിന്റെ മാനസാന്തരശേഷമുള്ള ജീവിതം. ●

**ഈ അന്യദേശത്ത് കർത്താവിന്റെ വേല ഇനിയെങ്ങനെ ചെയ്യും എന്ന് ചിന്തിച്ച് വിഷാദിച്ചിരുന്ന ഗുണ്ടർട്ടിനു മുമ്പിൽ പുതിയൊരു വാതായനം ആകസ്മികമായി തുറന്നുവന്നു. അതോടെ ആ അനുഗ്രഹീത ദൈവദാസന്റെ ഇന്ത്യയിലെ സുവിശേഷവേലയ്ക്കാരംഭവുമായി**





ജെസ്സി സാജു

# നമ്മൾ ഒരുങ്ങണം മക്കളെ വിശുദ്ധിയിൽ വളർത്താൻ

**മി**ക്കപ്പോഴും മറ്റുള്ളവരുടെ അഭിനന്ദനങ്ങളെ ഉൾപ്പുളകത്തോടെ സ്വീകരിക്കുന്നവരാണ് നാം. അഭിനന്ദനങ്ങൾ സ്വീകരിക്കുന്നതോ, ഒരു പരിധി വരെ ആസ്വദിക്കുന്നതോ തെറ്റൊന്നുമല്ലെന്ന് പറയാം. എന്നാൽ ഈ അഭിനന്ദനങ്ങൾ വെറും വീൺവാക്കുകൾ ആണെങ്കിലോ? ഇക്കാലത്ത് സോഷ്യൽ മീഡിയയുടെ കടന്നുകയറ്റത്തിൽ അഭിനന്ദനങ്ങൾക്കു വേണ്ടിയുള്ള ധാരാളം റെഡിമെയ്ഡ് വാക്കുകൾ നമുക്ക് കിട്ടും. അതൊന്നും ഹൃദയത്തിന്റെ ആഴത്തിൽ നിന്നുള്ളതാകണമെന്നില്ല. അങ്ങനെയുള്ള റെഡിമെയ്ഡ് അഭിനന്ദനങ്ങൾ കേട്ട് നാം അങ്ങനെയൊക്കെ ആണെന്ന് ധരിച്ചുവശായാൽ അതിനോളം വലിയ അപകടമൊന്നും ഇല്ല.

ഉദാഹരണത്തിന് ഇക്കഴിഞ്ഞ വനിതാദിനത്തിൽ നമുക്ക് കിട്ടിയ വാട്സാപ്പ് മെസ്സേജുകൾ എന്തൊക്കെയായിരുന്നു? The best woman in the world, the best mother അങ്ങനെ എന്തൊക്കെ? അതൊക്കെ വായിക്കാൻ സുഖമാണ്. അതൊക്കെ വായിച്ചിട്ട് ചില സ്ത്രീകൾ തങ്ങൾ അങ്ങനെയാണെന്ന് ധരിച്ചുവശായി പോകാനിടയുണ്ട്. നമ്മൾ പെർഫെക്ട് ആണെന്നുള്ള ചിന്തയിലേക്ക് ചിലപ്പോൾ ഇങ്ങനെയുള്ള അഭിനന്ദനങ്ങൾ വഴി തെറ്റിച്ചേക്കാം. നാം ആരാണെന്ന് നമുക്ക് അറിയാമല്ലോ. അതേ, നാമാരാണെന്നു നാം അറിയണം.

ദൈവവചനത്തിന്റ വെളിച്ചത്തിൽ നമ്മെ കണ്ടെങ്കിൽ മാത്രമേ നാം ആരാണെന്നും, നമ്മുടെ ജീവിതം എത്രമാത്രം തിരുത്തപ്പെടേണ്ടതാണെന്നും അറിയുകയുള്ളൂ. അതിന് ഒന്നാമതായി നിരന്തരം ദൈവവചനം വായിക്കണം, നന്നായി ധ്യാനിക്കണം. ദൈവവചനം അനുസരിച്ചു ജീവിതം ക്രമീകരിക്കുന്നവരുമാകണം നാം. എങ്കിൽ മാത്രമേ ദൈവവചനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ മക്കളോട് നമുക്ക് ഉപദേശിക്കാനാവുകയുള്ളൂ.

നാം അനുസരിക്കാത്ത ഒരു ideology നമ്മുടെ മക്കളെയോ മാറ്റാരെയുമോ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത് റബ്ബർ പന്ത് ആഞ്ഞു ഭിത്തിയിൽ എറിയുന്നത് പോലെ ആണ്. അതു നാം എറിയുന്നതിനേക്കാൾ ശക്തിയോടെ നമ്മിലേക്ക് തിരിച്ചു വരും. അതുകൊണ്ട് മാതൃക കാണിച്ചു വേണം മക്കളെ ഉപദേശിക്കാൻ.

വളരെ സങ്കീർണമായ ഒരു കാലത്താണ് നാം ജീവിക്കുന്നത്. അശുദ്ധി നിറഞ്ഞ കാലത്ത് വിശുദ്ധരായി ജീവിക്കുക എന്നത് വളരെ വില കൊടുക്കേണ്ട വെല്ലുവിളി ആണ്. നാമൊരു വിശുദ്ധ വ്യക്തിത്വത്തിന് ഉടമയാണോ എന്നത് തന്നെ നമ്മെ അലട്ടുന്ന ഒരു ചോദ്യമാണ്. ഇന്നത്തെ സാമൂഹിക മാധ്യമങ്ങളായ ടെലിവിഷൻ, യൂട്യൂബ് നമ്മളോട് മക്കളെ എങ്ങനെ വളർത്താം എന്നു പറഞ്ഞു തരുന്നുണ്ട്. എന്നാൽ 99 ശതമാനവും അതു ലൗകീകമാണ്, ദൈവീകമല്ല. യേശുക്രിസ്തുവിനെ പ്രതിനിധികരിക്കുന്നവയല്ല.

ജീവിതത്തിലെ ഏറ്റവും വലിയ വെല്ലുവിളി മക്കളെ വിശുദ്ധിയിലും ദൈവാശ്രയത്തിലും വളർത്തുന്നതാണ്. അങ്ങനെ വളർത്താൻ ഈ കാലത്ത് സാധ്യമാണോ എന്നു ചോദിച്ചാൽ, അതിനു തീർച്ചയായും ദൈവം നമ്മെ സഹായിക്കും. നാമതിന് മനസ്സുവക്കണം, ദൈവത്തിൽ ആശ്രയിക്കണം. സുവിശേഷമാണ് ഒരു വ്യക്തിയെ മാനസാന്തരത്തിലേക്കു നയിക്കുന്നത്. അതുകൊണ്ട് തന്നെ ഓരോ മാതാപിതാക്കളും തങ്ങളുടെ മക്കളോട് ആദ്യമായി സുവിശേഷം അറിയിക്കണം. അതു നമ്മുടെ കുടുംബപ്രാർത്ഥനയിൽ ആയാൽ ഏറ്റവും നന്ന്. അവർ മുതിർന്നുപോയി, ഇനി എന്തു ചെയ്യാം എന്നൊന്നും ഓർത്തു വിഷമിക്കണ്ട, നമ്മുടെ സ്നേഹം വേണ്ടുവോളം അവർക്കു നൽകുക, ഒപ്പം യേശുവിനെയും. അവരെ ബൈബിൾ വായിക്കാൻ ഉത്സാഹിപ്പിക്കുകയും അവരത് വായിച്ചു ധ്യാനിച്ചെന്നു ഉറപ്പു വരുത്തുകയും ചെയ്യുക. കുറച്ചു നിർദ്ദേശങ്ങൾ എഴുതി വച്ചു പഠിപ്പിക്കുന്നതിലും നല്ലത്, ദൈവവചനം വായിച്ചു പഠിക്കാൻ പ്രേരിപ്പിക്കുക. അവരുടെ ജീവിതത്തിലെ ഓരോ തീരുമാനങ്ങളും എടുക്കുന്നതിനു മുമ്പ്, ദൈവത്തോട് ആലോചന ചോദിക്കാനവരെ പ്രേരിപ്പിക്കുക, നാമും അതിനായി പ്രാർത്ഥിക്കുക. ദൈവഭക്തയായ ഒരു വനിതയുടെ ചില സ്വഭാവവിശേഷങ്ങൾ നമുക്കൊന്ന് ചിന്തിക്കാം.ദൈവഭക്തയായ ഒരമ്മ തന്റെ മക്കളെ എങ്ങനെ വളർത്തണം എന്നതിന് സഹായകരമായ ചില നിർദ്ദേശങ്ങളാണ് ഇവിടെ വിവരിക്കുന്നത്.

**1. അവരെ സ്നേഹിച്ചും ലാളിച്ചും വളർത്തണം.**

അമ്മ ആശ്വസിപ്പിക്കുന്നതുപോലെ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും; നിങ്ങൾ യെരൂശലേമിൽ ആശ്വാസം പ്രാപിക്കും. ഒരു കുഞ്ഞ്, അമ്മയുടെ വയറ്റിൽ ഉരുവാകുമ്പോൾ അവർ കുഞ്ഞിന്റെ ആരോഗ്യത്തിനായി സ്വന്തയിഷ്ടങ്ങൾ ത്യജിച്ചു പോലും കുഞ്ഞിന്റെ ആരോഗ്യത്തിൽ ശ്രദ്ധ ഉള്ളവരാകും. അതേ ശ്രദ്ധ ആ കുഞ്ഞിന്റ വളർച്ചയുടെ ഓരോ ഘട്ടത്തിലും കാണിക്കണം. ആ ഒരു ആശ്വാസം അവർ എന്നും നമ്മിൽ നിന്നും ആഗ്രഹിക്കുന്നുണ്ട്.

**സ്നേഹിക്കണമെന്നും ക്ഷമിക്കണമെന്നും പ്രസംഗിക്കാനും എഴുതാനും എളുപ്പമാണ്. എന്നാൽ നമ്മുടെ ക്ഷമ പരീക്ഷിക്കപ്പെടുമ്പോൾ, ദേഷ്യപ്പെട്ടും പരാതിപ്പെട്ടും ക്ഷമ നശിക്കുന്നതിലും നല്ലത് ആ സാഹചര്യത്തിലും ക്ഷമിക്കാനുള്ള കൃപയ്ക്കായി ദൈവത്തോട് യാചിക്കുന്നതാണ് ഉത്തമം.**

**2. നാം വിനയമുള്ളവരായിരിക്കണം.**

അതുകൊണ്ടു ദൈവം തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ. ദൈവം നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ (1 പത്രോസ് 5 :6,7). എങ്ങനെയാണു ഒരു ഭക്തയായ വനിതയിൽ താഴ്മ ഉണ്ടെന്നു അറിയുന്നത്? അവൾ പൂർണമായും ദൈവത്തിൽ ആശ്രയിക്കുന്നവളും, ദൈവത്തിന്റെ സഹായം ഇല്ലാതെ അവൾക്കു മക്കളെ വളർത്താൻ മാത്രമല്ല, ഒന്നും ചെയ്യാനാവില്ലെന്നുള്ള തിരിച്ചറിവാണ് താഴ്മയുടെ അളവ് കോൽ. അതുകൊണ്ട് നമുക്ക് ദൈവകൃപയിൽ ആശ്രയിക്കാം. ദൈവത്തിന്റെ സഹായമില്ലാതെ ഒരു നിമിഷം പോലും ജീവിക്കാനാകില്ലെന്നുള്ള ബോധ്യമാണ് നമുക്ക് വേണ്ടത്. ഒരു പക്ഷെ നമുക്ക് ആവശ്യത്തിലും അതിലധികവും പണം ഉണ്ടെന്നിരിക്കാം, ആരോഗ്യത്തിന്റെ കാര്യത്തിലും ഒരു പ്രയാസവും ഇല്ലായിരിക്കും. ഇതൊക്കെ നമ്മെ അഹങ്കാരികളും തന്നിഷ്ടക്കാരും ആക്കാൻ ഉള്ള സാധ്യതകൾ ഉണ്ടാക്കാം. അപ്പോൾ ആണ് നമ്മുടെ വിനയം ഉരച്ചു നോക്കുന്നത്. അതുകൊണ്ട് നാം ഞെളിയാതെ ഭയപ്പെടേണം.

**3. നാം സമർപ്പണം ഉള്ളവരായിരിക്കണം.**

സദൃശ്യവാക്യം 31 ാം അദ്ധ്യായം വളരെ മനോഹരമായി, ഒരു സ്ത്രീ അവളുടെ

ഭവനത്തിലും ഭർത്താവിനും മക്കൾക്കും മുമ്പിൽ എങ്ങനെയായിരിക്കണമെന്നും, എത്രമാത്രം സമർപ്പണമനോഭാവം ഉണ്ടായിരിക്കണമെന്നും വിവരിച്ചിട്ടുണ്ട്. സ്ത്രീ അവളുടെ ജോലിക്കാര്യത്തിലും വീട്ടുകാര്യത്തിലും കുടുംബജീവിതത്തിലും ഉണ്ടാകാവുന്ന കഠിനശോധനകളിൽ അവളെങ്ങനെ അതിനെ തരണം ചെയ്തു എന്ന് നാം ഈ അധ്യായത്തിൽ കാണുന്നു. ജീവിതത്തിലെ ഏതു സാഹചര്യത്തിലുംപ്രാർത്ഥിക്കുകയും ദൈവമുഖം അന്വേഷിക്കുകയും ചെയ്യുന്നവളാണ് ഉത്തമസ്ത്രീ. അവൾ കുടുംബത്തിൽ എല്ലാ സാഹചര്യത്തിലും വിശ്വസ്ത ആയിരിക്കും. നമ്മളാരും super woman ആകനല്ല വിശ്വസ്ത ആകാനാണ് ദൈവം ആഗ്രഹിക്കുന്നത്.

**4. നാം ക്ഷമ ഉള്ളവരാകണം.**

എല്ലാ കൈപ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണവും സകലദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ (എഫസ്യർ 4:31,32). ദൈവഭക്തയായ ഒരു സ്ത്രി എപ്പോഴും ക്ഷമിക്കുന്നവളാണ്. മറ്റുള്ളവരുടെ പെരുമാറ്റം നമ്മെ പലപ്പോഴും അസ്വസ്ഥരും പ്രകോപിതരും ആക്കും. നമ്മുടെ മക്കളോടു പോലും നമുക്ക് നന്നായി പെരുമാറാൻ കഴിഞ്ഞില്ലെന്നു വരാം. എന്നാൽ ഇങ്ങനെയുള്ള സാഹചര്യത്തിൽ പോലും നാം സംയമനം പാലിച്ചു അവരോടു ക്ഷമിക്കണം. ക്ഷമിക്കുക എന്നത് ഒരു ചെറിയകാര്യമോ, എളുപ്പമായി ചെയ്യാവുന്നതോ അല്ല. പക്ഷെ യേശു ക്രൂശിൽ കിടന്നപ്പോൾ പോലും ഇവർ ചെയ്യുന്നതെന്തെന്നറിയായ്ക കൊണ്ട് ഇവരോട് ക്ഷമിക്കണം എന്നല്ലേ പ്രാത്ഥിച്ചതും, ക്ഷമിച്ചതും. അതു തന്നെയല്ല, നമ്മുടെ പാപങ്ങളെ അവിടുന്ന് ക്ഷമിച്ചില്ലേ? നാം മറ്റുള്ളവരോടും മക്കളോടും ക്ഷമിച്ചില്ലെങ്കിൽ നമ്മുടെ പാപക്ഷമ നഷ്ടപ്പെട്ടു പോകുമെന്നത് ഭയാനകമായ സത്യം ആണ്. നമ്മുടെ മക്കൾക്കു നാം മാതൃകയാവണം.

**5. യാതൊരു വ്യവസ്ഥകളുമില്ലാതെ സ്നേഹിക്കുക.**

പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറികയും ചെയ്യുന്നു (1 യോഹന്നാൻ 4:7). സ്നേഹിക്കണമെന്നും ക്ഷമിക്കണമെന്നും പ്രസംഗിക്കാനും എഴുതാനും എളുപ്പമാണ്. എന്നാൽ നമ്മുടെ മക്കളാലും ചുറ്റുമുള്ളവരാലും നമ്മുടെ ക്ഷമ പരീക്ഷിക്കപ്പെടുമ്പോൾ, ദേഷ്യപ്പെട്ടും പരാതിപ്പെട്ടും നമ്മുടെ ക്ഷമ നശിക്കുന്നതിലും നല്ലത് ആ സാഹചര്യത്തിലും ക്ഷമിക്കാനുള്ള കൃപയ്ക്കായി ദൈവത്തോട് യാചിക്കുന്നതാണ് ഉത്തമം. അങ്ങനെ ചെയ്തെങ്കിൽ മാത്രമേ നമ്മിലുള്ള ദൈവസ്നേഹം അവർ അറിയൂ. അങ്ങനെ ഉത്തമസ്ത്രീകൾ ആയി മാറാൻ ദൈവം ഇടയാക്കട്ടെ.

## പാപത്തിന്റെ ചതി

**ഹൃദയകാഠിന്യം പിശാചിന്റെ ചതിയാൽ ഉളവാകുന്ന ഒരു രോഗമാണ്. അതിനുള്ള ചികിത്സ ദൈവവചനത്തിന്റെ പ്രബോധനമാണ്. വചനത്തിന്റെ വിശദാംശങ്ങൾ ഹൃദയത്തിലേക്ക് അരിച്ചിറങ്ങുമ്പോൾ കാഠിന്യം അലിഞ്ഞ് ഇല്ലാതെയാകും, മാംസളമായ ഹൃദയം പുന:സ്ഥാപിക്കപ്പെടും. 'നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ' എന്ന ഈ ചികിത്സാവിധി ലാഘവത്തോടെയല്ല, ഗൗരവത്തോടെ നാം ഉൾക്കൊള്ളണം. പ്രത്യാശയുടെ ധൈര്യവും പ്രശംസയും മുറുകെപ്പിടിക്കുന്ന വിശ്വാസിക്ക് ഹൃദയകാഠിന്യം പാടില്ല. ഹൃദയകാഠിന്യവും അവിശ്വാസവും തമ്മിൽ കൂടിപ്പിണഞ്ഞുകിടക്കുന്ന ഒരു ചിത്രവും, എബ്രായർ 3:12,13 വാക്യങ്ങളിൽ നിഴലിക്കുന്നുണ്ട്. വചനത്തിലെ നിർദേശങ്ങളും, നിയന്ത്രണങ്ങളും പാലിക്കാൻ മനസ്സില്ലാതെ ക്രമേണ ഹൃദയം കഠിനപ്പെട്ടുവരുമ്പോൾ വചനത്തിലെ വാഗ്ദത്തങ്ങളോടും മനസ്സിന്റെ അടുപ്പം കുറയും. വാഗ്ദത്തങ്ങൾ നമുക്ക് ലഭിക്കാനുള്ള അവകാശങ്ങളാണെന്ന ബോധ്യം ഇല്ലാതെയാകും. അവിശ്വാസം ഉള്ളിൽ ബലപ്പെടും. നോക്കണേ ശത്രുവിന്റെ ചതി.**



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# പാപം ഉളവാക്കുന്ന ഭയം

*ആ കാലത്ത് ഇടപ്രഭുവായ ഹെരോദാവ് യേശുവിന്റെ ശ്രുതി കേട്ടിട്ട്: അവൻ യോഹന്നാൻ സ്നാപകൻ; അവൻ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തു. അതുകൊണ്ടാകുന്നു ഈ ശക്തികൾ അവനിൽ വ്യാപരിക്കുന്നത് എന്ന് തന്റെ ഭൃത്യന്മാരോട് പറഞ്ഞു. ഹെരോദാവ് തന്റെ സഹോദരനായ ഫിലിപ്പോസിന്റെ ഭാര്യ ഹെരോദ്യ നിമിത്തം, അവൾ നിനക്ക് ഭാര്യായിരിക്കുന്നത് വിഹിതമല്ല എന്ന് യോഹന്നാൻ അവനോട് പറഞ്ഞതു കൊണ്ട് തന്നെ, അവനെ പിടിച്ചുകെട്ടി തടവിൽ ആക്കിയിരുന്നു. അവനെ കൊല്ലുവാൻ മനസ്സുണ്ടായിട്ടും പുരുഷാരം അവനെ പ്രവാചകൻ എന്ന് എണ്ണുകയാൽ അവരെ ഭയപ്പെട്ടു. എന്നാൽ ഹെരോദാവിന്റെ ജനനദിവസം ആയപ്പോൾ ഹെരോദ്യയുടെ മകൾ സഭാമധ്യേ നൃത്തം ചെയ്ത് ഹെരോദാവിനെ പ്രസാദിപ്പിച്ചു. അതുകൊണ്ട് എന്ത് ചോദിച്ചാലും അവൾക്ക് കൊടുക്കും എന്ന് അവൻ സത്യം ചെയ്തു വാക്കുകൊടുത്തു. അവൾ അമ്മയുടെ ഉപദേശപ്രകാരം യോഹന്നാൻ സ്നാപകന്റെ തല ഒരു താലത്തിൽ തരേണം എന്നു പറഞ്ഞു. രാജാവ് ദു:ഖിച്ചു എങ്കിലുംചെയ്ത സത്യത്തെയും വിരുന്നുകാരെയും വിചാരിച്ച് അത് കൊടുപ്പാൻ കല്പിച്ചു; ആളയച്ചു തടവിൽ യോഹന്നാനെ ശിരച്ഛേദം ചെയ്യിച്ചു. അവന്റെ തല ഒരു താലത്തിൽ കൊണ്ടുവന്നു ബാലയ്ക്കു കൊടുത്തു; അവൾ അമ്മയ്ക്ക് കൊണ്ടുപോയി കൊടുത്തു. അവന്റെ ശിഷ്യന്മാർ ചെന്ന് ഉടൽ എടുത്ത് കുഴിച്ചിട്ടു: പിന്നെ വന്നു യേശുവിനെ അറിയിച്ചു ( മത്തായി 14 : 1 -12).*

ഗലീലയുടെ ഭരണാധികാരിയായ ഹെരോദാവ് യേശുവിന്റെ ശ്രുതി കേട്ട് ഭയപ്പെട്ടു. യോഹന്നാൻ സ്നാപകൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്നാണ് ഹെരോദാവ് യേശുവിനെക്കുറിച്ച് ചിന്തിച്ചത്. യേശുവിൽക്കൂടി നടന്ന വീര്യപ്രവർത്തികളെക്കുറിച്ചുള്ള കേൾവി ആണ് ഇപ്രകാരം ചിന്തിക്കുവാൻ കാരണമായത്. യോഹന്നാനെ ശിരച്ഛേദം ചെയ്യിച്ച് കുല ചെയ്തു എങ്കിലും യോഹന്നാനെക്കുറിച്ചുള്ള ഭയം ഹെരോദാവിൽ നിലനിന്നു എന്ന് വ്യക്തം. യോഹന്നാൻ സ്നാപകൻ വിശ്വസ്തനും ധീരനുമായ ഒരു പ്രവാചകൻ ആയിരുന്നു. അനീതിക്കും തിന്മക്കും പാപത്തിനും എതിരെയുള്ള അദ്ദേഹത്തിന്റെ ശബ്ദം സിംഹഗർജ്ജന തുല്യമായിരുന്നു. പാപത്തെ ദൈവം എത്രമാത്രം വെറുക്കുന്നു എന്നത് അതിന്റെ ഗൗരവം ഒട്ടും കുറയ്ക്കാതെ യോഹന്നാൻ വിളിച്ചുപറഞ്ഞു. ദൈവത്തിന്റെ പ്രവാചകന്മാരെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നതും അതു തന്നെയാണ്. പാപത്തെ വെറുക്കുന്ന ജീവിതമായിരുന്നു യോഹന്നാന്റെതു എന്നത് പ്രാഗത്ഭ്യത്തോടെ ദൈവത്തിന്റെ അരുളപ്പാട് വിളിച്ചറിയിക്കുന്നതിന് യോഹന്നാന് ധൈര്യം നൽകി.

ഹെരോദാവ് തന്റെ സഹോദരന്റെ ഭാര്യയെ തന്റെ ഭാര്യയായി സ്വീകരിച്ചത് ന്യായീകരിക്കാനാകാത്ത തെറ്റാണെന്നുള്ളത് ഹെരോദാവിന്റെ മുഖത്തുനോക്കി പറയുവാൻ യോഹന്നാൻ ധൈര്യപ്പെട്ടു. ഹെരോദാവിനു തന്നെ വധിക്കുവാൻ അധികാരം ഉണ്ട് എന്ന് യോഹന്നാൻ അറിഞ്ഞുകൊണ്ട് തന്നെയാണ് അങ്ങനെ ചെയ്തത്. ദൈവത്തിന്റെ പ്രവാചകന്മാർ അവരുടെ ദൗത്യവും, അവരെ ദൗത്യം ഏൽപ്പിച്ചത് പരമാധി

കാരിയായ ദൈവമാണെന്നും അവർ ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടവർ ആണെന്നും നന്നായി തിരിച്ചറിഞ്ഞവരാണ്. അതുകൊണ്ട് മനുഷ്യഭയത്തിന് അടിമപ്പെടാതെ ദൈവവചനത്തിൽ സത്യമായത് ഒന്നും മറച്ചുവയ്ക്കാതെ കൃത്യതയോടും ധൈര്യത്തോടും കൂടി സംസാരിക്കുന്നു.

യോഹന്നാൻ ഒരു പ്രവാചകനാണെന്നും യോഹന്നാൻ പറഞ്ഞ കാര്യം സത്യമാണെന്നും ഹെരോദാവിന് അറിയാമായിരുന്നു. എന്നാൽ ഹൃദയകാഠിന്യം മാനസാന്തരപ്പെടുവാൻ തന്നെ അനുവദിച്ചില്ല. ഹെരോദാവിനെപ്പോലെ എത്രയോ ആളുകൾ ഹൃദയം കഠിനപ്പെടുത്തി മാനസാന്തരപ്പെടുവാനുള്ള നല്ല അവസരങ്ങൾ പാഴാക്കുന്നു. യോഹന്നാൻ ഹെരോദാവിനോട് ദൈവഹിതപ്രകാരം സംസാരിച്ചത് അദ്ദേഹത്തെ അപമാനിക്കുവാൻ ആയിരുന്നില്ല. മറിച്ച് അദ്ദേഹത്തെ മാനസാന്തരത്തിലേക്ക് നടത്തുവാൻ ആയിരുന്നു. മാനസാന്തരപ്പെട്ട് ദൈവത്തെ അന്വേഷിച്ചിരുന്നു എങ്കിൽ താൻ അനുഗ്രഹിക്കപ്പെടുകയും നിത്യതയ്ക്ക് അവകാശി ആവുകയും ചെയ്യുമായിരുന്നല്ലോ. മാത്രമല്ല തന്റെ ജനങ്ങളോട് നീതിപുലർത്തുന്ന മാതൃകയുള്ള ഒരു ഭരണാധികാരിയും ആകുമായിരുന്നു. പക്ഷേ, ആ നല്ല അവസരങ്ങളെ അദ്ദേഹം നഷ്ടപ്പെടുത്തി. അമാതൃകയ്ക്കും അനീതിക്കും ക്രൂരതയ്ക്കും ഉദാഹരണമായിത്തീർന്നു.

ഹെരോദാവ് നമുക്കൊരു മുന്നറിയിപ്പ് അല്ലേ? തെറ്റുതിരുത്തി മാനസാന്തരപ്പെടുവാനുള്ള അവസരങ്ങളെ നഷ്ടപ്പെടുത്താതിരിക്കുക. ഹൃദയം കഠിനപ്പെടുവാൻ അനുവദിക്കരുത്. ദൈവഭയമുള്ളവരായിക്കുവാൻ സൂക്ഷിക്കുക. ഏതെങ്കിലും അധികാരത്തിലിരിക്കുന്നവർ തങ്ങളുടെ ജീവിതത്തെ അശുദ്ധിയിൽ നിന്ന്, പ്രത്യേകിച്ചു ലൈംഗിക പാപങ്ങളിൽ നിന്ന് അകറ്റി നിർത്തുവാൻ ജാഗ്രത ഉള്ളവർ ആയിരിക്കുക. അധികാരത്തിന്റെ മറവിൽ തെറ്റ് ചെയ്ത് മൂടി വെക്കുവാൻ ശ്രമിക്കരുത്. കുറെ നാളുകളിലേക്ക് രക്ഷപെട്ടിട്ടു കാര്യമുണ്ടോ? ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പിൽ എല്ലാവരും നിൽക്കേണ്ടതല്ലേ? ഹെരോദാവ് ഹൃദയം കഠിനപ്പെടുത്തി എങ്കിലും തന്റെ ഉള്ളിൽ ഉയർന്ന ഭയത്തെ കീഴ്പ്പെടുത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. പാപം മൂടി വെച്ചാൽ അത് ഭയം സൃഷ്ടിക്കും എന്നത് ഒരു പരമാർത്ഥമാണ്. ഇത് കുറ്റബോധത്തിന്റെ ഭയമാണ്. ആ ഭയത്തിൽ നിന്നും വിടുതൽ പ്രാപിക്കുവാൻ മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് മടങ്ങി വരിക എന്നത് മാത്രമാണ് പരിഹാരമാർഗ്ഗം.

**നമ്മെ സ്നേഹിച്ച് ആത്മാർത്ഥതയോടെ നമ്മുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവരെ നാം ബഹുമാനിക്കുകയും അവരോട് നന്ദി പറയുകയും ചെയ്യണം. വാസ്തവത്തിൽ അവർ നമുക്ക് അനുഗ്രഹത്തിന്റെ വഴിയാണ് കാട്ടിത്തരുന്നത്**

യോഹന്നാൻ ഉയിർത്തെഴുന്നേറ്റു എന്ന ചിന്ത ഹെരോദാവിൽ ദൃഢപ്പെടണമെങ്കിൽ യോഹന്നാൻ ഒരു ദൈവമനുഷ്യനാണെന്ന് ഉള്ളിൽ ബോധ്യം ഉണ്ടായിരുന്നതുകൊണ്ടല്ലേ? പിന്നെ എന്തുകൊണ്ട് മാനസാന്തരപ്പെടുവാൻ തയ്യാറായില്ല? തന്റെ സഹോദരൻ ഫിലിപ്പിന്റെ ഭാര്യയും ഇപ്പോൾ ഹെരോദാവ് ഭാര്യയായി സ്വീകരിച്ചിരിക്കുന്നതുമായ ഹെരോദ്യയുടെ വശീകരണത്തിൽ ഹെരോദാവ് പൂർണമായും അടിമപ്പെട്ടുപോയി എന്നതാണ് കാരണം. പാപത്തിനു അടിമപ്പെട്ടാൽ അത് വലിയ ബന്ധനമാണ്. ശക്തനായ ന്യായാധിപനും ദൈവത്തിന്റെ അഭിഷിക്തനുമായ ശിംശോൻ പരാജയപ്പെട്ടത് ദലീല അടിമപ്പെടുത്തിയതു കൊണ്ടല്ലേ? അടിമപ്പെടുത്തുന്ന ശക്തിയാണ് പാപത്തിനുള്ളത്. അതുകൊണ്ട് പാപത്തെ ചെറുതായി കാണാതെ, ന്യായീകരിക്കാതെ അതിനെ തള്ളിപ്പറയുക, പാപത്തെ വെറുക്കുക, അതാണ് സ്വാതന്ത്ര്യത്തിന്റെ മാർഗം.

ഹെരോദാവിനേക്കാൾ യോഹന്നാനെ വെറുത്തതും പ്രതികാരം ചെയ്യുവാൻ തക്കം അന്വേഷിച്ചതും ഹെരോദ്യയാണ്. ഹെരോദാവിന്റെ ജന്മദിനം അതിന് ഒത്തുകിട്ടിയ അവസരം ആയി. ഹെരോദ്യയുടെ മകളുടെ നൃത്തത്തിൽ സന്തോഷവാനായ ഹെരോദാവ് ആ കുട്ടിക്ക് വാക്കു കൊടുത്തു. നീ എന്ത് ചോദിച്ചാലും തരാം. ഇത് രാജാക്കന്മാർ സാധാരണ ചെയ്യുന്നതാണ്. എന്ത് ചോദിക്കണം എന്ന് കുട്ടി അമ്മയോട് ചോദിച്ചു. യോഹന്നാൻ സ്നാപകന്റെ തല ഒരു താലത്തിൽ തരണം എന്ന് പറയുവാൻ അമ്മ മകൾക്കു നിർദ്ദേശം കൊടുത്തു. യോഹന്നാനെ ശിരച്ഛേദം ചെയ്യിക്കുവാൻ പദ്ധതി ഉണ്ടാക്കിയ പിശാച് യോഹന്നാനെ അല്ല നശിപ്പിച്ചത്. പ്രത്യുത ഹെരോദാവിനെയും ആ കുടുംബത്തെയും ആയിരുന്നു. ഹൃദയം ക

ഠിനപ്പെടുത്തിയ ഹെരോദാവ് പിശാചിന്റെ കയ്യിലെ കളിപ്പാവയായി മാറുകയായിരുന്നു. ഇതു തന്നെയാണ് ഇന്നും അനേകർക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ഗുണത്തിനായി പ്രബോധിപ്പിക്കുന്നവരെ ശത്രുക്കളായി കാണുവാൻ പിശാച് പ്രചോദിപ്പിക്കുന്നു. പിശാചിന്റെ ഈ തന്ത്രത്തിനു എതിരെ നാം ജാഗ്രത ഉള്ളവർ ആയിരിക്കണം. നമ്മെ സ്നേഹിച്ച് ആത്മാർത്ഥതയോടെ നമ്മുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവരെ നാം ബഹുമാനിക്കുകയും അവരോട് നന്ദി പറയുകയും ചെയ്യണം. വാസ്തവത്തിൽ അവർ നമുക്ക് അനുഗ്രഹത്തിന്റെ വഴിയാണ് കാട്ടിത്തരുന്നത്.

യോഹന്നാനെ കൊന്നത് കൊണ്ട് ഹെരോദാവു കുടുംബവും സമാധാനം കണ്ടെത്തുക ആയിരുന്നില്ല. പ്രത്യുത, നഷ്ടപ്പെടുത്തുക ആയിരുന്നു. അവരുടെ പാപം ഇരട്ടിയായി, കുറ്റബോധത്തിന്റെ ശക്തി വർദ്ധിച്ചു. വാസ്തവത്തിൽ ദൈവം ഹെരോദാവിനു വീണ്ടും ഒരു സുവർണ്ണ അവസരം കൂടി കൊടുത്തു. സകല മനുഷ്യരുടെയും പാപപരിഹാരത്തിനായി പ്രായശ്ചിത്ത ബലിയായിത്തീരുവാൻ പാപികളുടെ കൈയ്യിലേക്ക് തന്നെ ത്തന്നെ ഏൽപ്പിച്ചു കൊടുത്ത രക്ഷകനായ ക്രിസ്തുവിനെ പീലാത്തോസ് വിസ്തരിച്ചിട്ടു ഒരു കുറ്റവും കണ്ടെത്തുവാൻ കഴിയാതെ അന്ന് യെരുശലേമിൽ സന്ദർശനത്തിന് എത്തിയ ഹെരോദാവിന്റെ അടുക്കൽ അയച്ചു (ലൂക്കോസ് 23: 8 - 11). യേശു എന്തെങ്കിലും അത്ഭുതം ചെയ്യുന്നത് കാണാൻ മാത്രമേ അപ്പോൾ ഹെരോദാവ് ആഗ്രഹിച്ചിരുന്നുള്ളു. മാനസാന്തരപ്പെടുവാനുള്ള ആഗ്രഹം അപ്പോഴും അദ്ദേഹത്തിന് ഉണ്ടായില്ല. ഹെരോദാവിന്റെ മുഴുവൻ പാപവും ഏറ്റെടുക്കുന്നതിനായി രക്ഷകൻ മുമ്പിൽ നിന്നിട്ടും തന്റെ രക്ഷകനെ തിരിച്ചറിയുവാൻ ഹെരോദാവിന് കഴിഞ്ഞില്ല. യേശുവിനെ പരിഹസിക്കുവാൻ ആണ് അപ്പോഴും കഠിനഹൃദയനായ രാജാവ് തയ്യാറായത്. ഇന്ന് യാതനാ സ്ഥലത്ത് കിടക്കുന്ന ആ ഭോഷനായ വ്യക്തി തനിക്ക് നഷ്ടപ്പെട്ട നല്ല അവസരങ്ങളെ ഓർത്ത് എത്രമാത്രം വേദനിക്കുന്നുണ്ടാകും? ദൈവസന്നിധിയിൽ താഴ്മ ഉള്ളവരായി ജീവിക്കുന്നതല്ലെ ബുദ്ധി? നീതിയുടെയും വിശുദ്ധിയുടെയും പാതയിൽ നടക്കുന്നത് തന്നെയാണ് ഏറ്റവും അഭികാമ്യം. നമ്മുടെ ഓരോരുത്തരുടെയും ആഗ്രഹം അതായിരിക്കട്ടെ. ●

# പർവ്വതത്തിലെ മാതൃക

**അ**നുകരണം മനുഷ്യസ്വഭാവത്തിൽ അലിഞ്ഞുചേർന്ന ഒരു പ്രകൃതമാണ്. വീടുണ്ടാക്കുമ്പോഴും, വീട്ടുപകരണങ്ങൾ ഉണ്ടാക്കുമ്പോഴും എവിടെയെങ്കിലും കണ്ടിട്ടുള്ളതും മനസ്സിനെ ആകർഷിച്ചതുമായ ഒരു മാതൃകയെ അടിസ്ഥാനമാക്കി ആയിരിക്കും അതു നിർമ്മിക്കുക. വലിയവരെന്നു മനസ്സിൽ കാണുന്ന ആളുകളെ അനുകരിക്കുന്ന സ്വഭാവം കുട്ടികളിലും മുതിർന്നവരിലും കാണാറുണ്ട്. മനുഷ്യനിലെ ഈ പ്രകൃതം നന്നായി അറിയാവുന്നതുകൊണ്ടാണ് നമ്മുടെ കർത്താവ് മനുഷ്യനായി ലോകത്തിൽ ജീവിച്ച് 'പിന്തുടരുവാൻ ഒരു മാതൃക' നമുക്കായി കാണിച്ചത്. സമാഗമന കൂടാരവും അതിന്റെ ഉപകരണങ്ങളും പണിയുവാൻ നിയോഗം നൽകുമ്പോൾ മോശെയെ പർവ്വതത്തിലേക്ക് വിളിച്ച് ഒരു മാതൃക പ്രദർശിപ്പിച്ചു (പുറപ്പാട് 25:9). നിർമ്മാണത്തിൽ ഈ മാതൃക കർശനമായി പിന്തുടരുവാൻ ആവശ്യപ്പെട്ടു. ലോകാഭിപ്രായപ്രകാരമോ, സ്വയാഭിപ്രായപ്രകാരമോ മാറ്റങ്ങൾ വരുത്തുവാൻ അനുവാദമില്ലാത്ത ഒരു വിശിഷ്ട നിർമ്മിതിയാണ് നമ്മുടെ ക്രിസ്തീയ ജീവിതം. ജനനം മുതൽ ക്രൂശിലെ മരണം വരെ നമുക്കു മാതൃകയായ യേശുവിനെ വാക്കിലും പ്രവൃത്തിയിലും പിൻപറ്റുവാൻ നമുക്കിടയാകണം. പഴയനിയമ ആലയത്തിന്റെ മാതൃക സീനായി മലയിലാണു പ്രദർശിപ്പിച്ചതെങ്കിൽ പുതിയനിയമ ആലയത്തിന്റെ മാതൃക കാൽവറിമലയിൽ പ്രദർശിപ്പിച്ചിരിക്കുന്നു. ആയതിനാൽ ക്രൂശിലെ ക്രിസ്തുവിന്റെ ഭാവം നാം അനുകരിച്ചേ പറ്റൂ. ക്രൂശിനു ശേഷമുള്ള സൗഭാഗ്യങ്ങളുടെ നിത്യത നമ്മുടെ പ്രത്യാശയാണല്ലോ. ക്രൂശിന്റെ വഴിയേ അല്ലാതെ അവിടെ എത്താൻ മറ്റൊരു വഴിയുമില്ല.

## വീണ്ടും ജനനത്തിലെ കാമ്പ്

ധാർമികനിയമങ്ങൾ മാത്രമല്ല, ആചാരപരമായ (ceremonial laws) നിയമങ്ങളുൾപ്പെടെ എല്ലാം അംഗീകരിച്ച് യഹൂദനായി ജീവിക്കുന്നയാളാണ് ഒരു ''പ്രോസലൈറ്റ്''. യഹൂദറബ്ബിമാരിൽ 'ഹില്ലേൽ' മുതൽ 'ഗമാലിയേൽ' വരെയുള്ള റബ്ബിമാരൊക്കെ പ്രോസലൈറ്റിസം അംഗീകരിച്ചിരുന്നെങ്കിലും റബ്ബി ഷമ്മായെപ്പോലുള്ളവർ ജാതികളുടെ മതപരിവർത്തനം അംഗീകരിച്ചിരുന്നില്ല. യഹൂദനാകാൻ ഒരു മാർഗമേയുള്ളു; യഹൂദസ്ത്രീയുടെ ഉദരത്തിൽ ജനിക്കുക. യഹൂദസ്ത്രീയുടെ ഉദരത്തിൽ ജനിക്കുന്ന യഹൂദനു മാത്രമേ സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കാനാവൂ എന്ന് ഷമ്മായ് വാദിച്ചു. അപ്പോൾ ലോകത്തിലെ ബഹുഭൂരിപക്ഷം വിജാതീയരുടെ ഗതിയെന്താകും? അവരുടെ ജനനം അവരുടെ തെരഞ്ഞെടുപ്പല്ലല്ലോ... ഈ വാദത്തിനു ഷമ്മായിയുടെ മറുപടി "നരകം (ഗഹന്നാ) എപ്പോഴും കത്തിക്കൊണ്ടിരിക്കുകയാണ്. അത് നിരന്തരം കത്താൻ വിറകുവേണം, നരകത്തിലെ വിറകാകുവാനാണ് ദൈവം ജാതികളെ സൃഷ്ടിച്ചത് എന്നായിരുന്നു!"

എന്നാൽ, യേശു നിക്കോദേമൊസിനോടു പറഞ്ഞു; ദൈവരാജ്യത്തിലേക്കു കടക്കുന്നത് നിങ്ങൾ ചിന്തിക്കുന്നതുപോലെ യഹൂദസ്ത്രീയുടെ ഉദരത്തിൽ നിന്നു ജനിച്ച യഹൂദരോ, പരിച്ഛേദനയേറ്റു യഹൂദനായിത്തീർന്ന വിജാതീയനോ അല്ല. പ്രത്യുത, പുതുതായി ജനിക്കുന്നവർ മാത്രമാണ്. "പുതുതായി" എന്നതിന് ഇവിടെ കൊടുത്തിരിക്കുന്ന പദം 'ഉയരത്തിൽ നിന്ന് ' എന്നാണ്. യേശു നിക്കോദേമൊസിനോടു പറയുന്നത് ഇതാണ്: സ്വർഗരാജ്യത്തിലേക്കു നിനക്കു പ്രവേശനം നല്കുന്നത് നിന്റെ യഹൂദജനനം (ഭൂമിയിൽ നിന്നുള്ള ജനനം) ആണെന്നു നീ ചിന്തിക്കുന്നു. അതൊരു തെറ്റിദ്ധാരണയാണ്. യഥാർഥത്തിൽ ഭൗതിക ജനനമല്ല, ഉയരത്തിൽ നിന്നുള്ള ജനനമാണു ദൈവരാജ്യപ്രവേശനം ഉറപ്പിക്കുന്നത്.

യഹൂദന്മാരുടെ "ഉപദേഷ്ടാവ്" (യോഹന്നാൻ 3:10) ആയിരുന്നിട്ടും ഉയരത്തിൽ നിന്നുള്ള ജനനത്തിന്റെ മർമം നിക്കോദേമൊസിനു മനസിലാകുന്നില്ല. ബുദ്ധിരാക്ഷസന്മാർക്കും ദൈവശാസ്ത്രജ്ഞർക്കും ദൈവം യാഥാർഥ്യമാകണമെന്നില്ല. നിക്കോദേമൊസ് എന്ന ഉപദേശിക്കും "പുതുജനനം" തലയിൽ കയറുന്നില്ല. "നിക്കോദേമൊസ് അവനോട് മനുഷ്യൻ വൃദ്ധനായശേഷം രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ എന്നു ചോദിച്ചു" (യോഹന്നാൻ 3:4). യേശുവിനു സങ്കടം വരുന്നുണ്ട്...നിക്കോദേമൊസിനോട് യേശു പറയുന്നു: ഇപ്പോഴും നീ കാര്യങ്ങൾ ശരിയായി ഗ്രഹിച്ചിട്ടില്ല ('ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു' എന്ന ശൈലീപ്രയോഗത്തിന്റെ കാരണമതാണ്). ഞാൻ ഒന്നുകൂടെ വിശദമായി പറയാം. "വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടക്കാൻ ആർക്കും കഴിയില്ല"(യോഹന്നാൻ 3:.5).

എന്താണു "വെള്ളത്താലും ആത്മാവിനാലും" എന്നതുകൊണ്ട് അർഥമാക്കുന്നത്? ''വെള്ളത്താൽ" എന്നതിന് ഒറ്റയടിക്കു മിക്കവരും പറയുന്ന ഉത്തരം ''സ്നാനം'' എന്നാണ്. മിക്ക വ്യാഖ്യാതാക്കളും അങ്ങനെ തന്നെ പഠിപ്പിക്കുന്നു. എന്നാൽ, കാര്യങ്ങൾ വിശദമായി പഠിക്കുമ്പോൾ "വെള്ളം" എന്നതിന് മറ്റൊരർഥമുണ്ടാവണം. കാരണം "സ്നാനം" ക്രിസ്തീയമായ അർഥത്തിൽ ഇവിടെ പ്രസക്തമല്ല. ഇനി, യോഹന്നാന്റെ സ്നാനത്തെയോ, വിജാതീയനെ യഹൂദനാക്കാനുള്ള മതപരിവർത്തന സ്നാനത്തെയോ ആണ് യേശു ഇവിടെ വെള്ളംകൊണ്ട് വിവക്ഷിക്കുന്നതെങ്കിൽ, അത് ദൈവരാജ്യപ്രവേശനത്തിന് ഉപാധിയല്ലല്ലോ... ഉയരത്തിലെ ജനനമാണ് ഇവിടെ പ്രതിപാദിതം എന്ന് ഓർക്കുക. അപ്പോൾ അതിന്റെ വിപരീത സത്യത്തെയാകണം ഇവിടെ വെള്ളംകൊണ്ടു വിവക്ഷിക്കുക. ഭൂമിയിലെ അതായതു അമ്മയുടെ ഉദരത്തിൽ നിന്നുള്ള ജനനം! ഉദരത്തിലെ ജനനം വെള്ളത്തിലാണെന്ന് നമുക്കറിയാം. മനുഷ്യന്റെ സ്വഭാവികജനനമാണ് ഇവിടെ വിവക്ഷ. അതായത് ശാരീരിക ജനനം അഥവാ വെള്ളത്തിലുള്ള ജനനം, ഉയരത്തിലുള്ള ജനനം അഥവാ ആത്മാവിനാലുള്ള ജനനം.

"വെള്ളത്താലുള്ള" ജനനം ശാരീരിക ജനനത്തെക്കുറിച്ചാണെന്നു പറയാൻ വേറൊരു കാരണമുണ്ട്. "വെള്ളത്താലും ആത്മാവിനാലും"(യോഹന്നാൻ 3:5) എന്നു പറഞ്ഞ്, അതിനോടു ചേർന്ന് അതിന്റെ ബാക്കിയായി യേശു പറയുന്നതു ശ്രദ്ധിക്കൂ... "ജഡത്താൽ ജനിച്ചത് ജഡമാകുന്നു; ആത്മാവിനാൽ ജനിച്ചത് ആത്മാവ് ആകുന്നു" (യോഹന്നാൻ 3:6). "വെള്ളം, ആത്മാവ്" എന്ന് അഞ്ചാം വാക്യത്തിൽ. "ജഡം, ആത്മാവ്" എന്ന് ആറാം വാക്യത്തിൽ. "വെള്ളം" എന്നത് ഇവിടെ

ചേർത്തു പറഞ്ഞിരിക്കുന്നത് ശരീരം (ജഡം) എന്ന വാക്കിനോടാണ്. ശാരീരികമായ ജനനം അനിവാര്യം. എന്നാൽ പുതുജനനം അഥവാ ഉയരത്തിൽ നിന്നുള്ള ആത്മാവിനാലുള്ള ജനനം നടക്കാതെ ആർക്കും ദൈവരാജ്യത്തിൽ കടപ്പാൻ കഴിയുകയില്ല.

ശാരീരികജനനത്തിലൂടെ നാം 'ആദാമിന്റെ' സന്തതികളാകുകയാണ്. ആദമിനോ ആദമിന്റെ സന്തതിക്കോ ദൈവരാജ്യത്തിലേക്കു പ്രവേശിക്കാൻ കഴിയില്ല. അവനെ ദൈവം തന്റെ ലോകത്തുനിന്നും പുറത്താക്കിയതാണ് (ഉല്പത്തി 3:23,24). എന്നാൽ, ഉയരത്തിൽ നിന്നു ജനിക്കുമ്പോൾ നാം ആത്മാവിന്റെ സന്തതികളാണ്. ആത്മാവിനാൽ ജനിച്ചവന്റെതാണ് – അവന്റേതു മാത്രമാണ് ദൈവരാജ്യം. ദൈവരാജ്യത്തിന്റെ ജീവിതം ജീവിക്കാൻ ശാരീരികജനനത്തിലൂടെ നമുക്കു ലഭിച്ച ആദാമ്യശക്തി പോരെന്നു നാമറിയണം. അതിന് ആത്മാവിന്റെ ശക്തി കൂടിയേ പറ്റൂ. പുതുജനനത്താൽ, ഉയരത്തിൽ നിന്നുള്ള ജനനത്താൽ നാം ദൈവരാജ്യത്തിന്റെ നിലവാരത്തിലുള്ള ജീവിതം ജീവിക്കാൻ പ്രാപ്തരാകുന്നു. കാരണം, പുതുജനനത്താൽ നമുക്കു ലഭിക്കുന്നത് ആത്മശക്തിയാണ്. എന്നാൽ, യിസ്രായേലിന്റെ "ഉപദേഷ്ടാവായ" നിക്കോദേമൊസിന് ഇത്രയായിട്ടും കാര്യങ്ങൾ ഗ്രഹിക്കാനാവുന്നില്ല. യേശു പറഞ്ഞു; "നിങ്ങൾ പുതുതായി ജനിക്കണം എന്നു ഞാൻ നിന്നോടു പറയുകയാൽ ആശ്ചര്യപ്പെടരുത്".

പുതുജനനം എന്ന ആത്മയാഥാർഥ്യത്തെ– ആത്മാവിലുള്ള ജനനത്തെ തിരിച്ചറിയാനാവാതെ വിരണ്ടു നില്ക്കുന്ന നിക്കോദേമൊസിനോടു യേശു വീണ്ടുമതു വിവരിക്കാൻ ശ്രമിക്കുന്നു. "അതു കാറ്റുപോലെ ഒരു അദൃശ്യയാഥാർഥ്യമാണ്. ആത്മാവിന്റെ ലോകത്തിൽ നടക്കുന്ന യാഥാർഥ്യം. കാറ്റു നിങ്ങൾക്കു കാണാൻ കഴിയുന്നില്ല. എന്നാൽ, അതിന്റെ ശബ്ദം നിങ്ങൾ കേൾക്കുന്നു. ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെയാകുന്നു. അതൊരു ആത്മയാഥാർഥ്യമാണ്. അത് കാറ്റെന്ന പോലെ ദൃശ്യമല്ല. എന്നാൽ ആത്മാവിലെ ജനനം, ശരീരത്തിലെ ജീവിതത്തിൽ പ്രതിഫലിക്കുന്നുണ്ട്. ഉയരത്തിൽ നിന്നു നിങ്ങൾ ജനിച്ചുവെന്നത് ഭൂമിയിലെ നിങ്ങളുടെ ജീവിതംകൊണ്ടു തിരിച്ചറിയാം" (യോഹന്നാൻ 3:8). ഇത്രയും വ്യക്തമാക്കിയിട്ടും നിക്കോദേമോസിനു കാര്യങ്ങൾ പൂർണമായി ഗ്രഹിക്കാൻ

**പുതുജനനം ഒരു സ്വർഗീയ യാഥാർഥ്യമാണ്. അത് ഉയരത്തിൽ സംഭവിക്കുന്ന കാര്യമാണ്. അത് അദൃശ്യമാണ്. അതായതു സ്വർഗീയമായതു മാത്രമാണ് യാഥാർഥ്യം. മതപാണ്ഡിത്യംകൊണ്ടോ, മതത്തിന്റെ ഉപദേഷ്ടാവായതു കൊണ്ടോ ഒരാൾ അതു മനസിലാക്കണമെന്നില്ല. പണ്ഡിതരായവർക്ക് ഈ സ്വർഗീയ യാഥാർഥ്യം ഗ്രഹിക്കാൻ കഴിയാതിരിക്കുമ്പോൾ സാധാരണക്കാരായ നമുക്ക് ഈ സ്വർഗീയ യാഥാർഥ്യം വെളിപ്പെടുത്തിത്തന്ന ദൈവത്തിനു സ്തോത്രം ചെയ്യാം.**

കഴിയുന്നില്ല. "ഇത് എങ്ങനെ സംഭവിക്കും?" എന്ന് അവൻ ചോദിച്ചു (യോഹന്നാൻ 3:8). വീണ്ടും ജനനം ഒരു സ്വർഗീയ യാഥാർഥ്യമാണ് എന്ന് യേശു ഓർപ്പിക്കുന്നു."ഭൂമിയിലുള്ളതു നിങ്ങളോടു പറഞ്ഞിട്ടു നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗത്തിലുള്ളതു നിങ്ങളോടു പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും?" (യോഹന്നാൻ 3:12).

പുതുജനനം ഒരു സ്വർഗീയ യാഥാർഥ്യമാണ്. അത് ഉയരത്തിൽ സംഭവിക്കുന്ന കാര്യമാണ്. അത് അദൃശ്യമാണ്. അതായതു സ്വർഗീയമായതു മാത്രമാണ് യാഥാർഥ്യം. മതപാണ്ഡിത്യംകൊണ്ടോ, മതത്തിന്റെ ഉപദേഷ്ടാവായതു കൊണ്ടോ ഒരാൾ അതു മനസിലാക്കണമെന്നില്ല. പണ്ഡിതരായവർക്ക് ഈ സ്വർഗീയ യാഥാർഥ്യം ഗ്രഹിക്കാൻ കഴിയാതിരിക്കുമ്പോൾ സാധാരണക്കാരായ നമുക്ക് ഈ സ്വർഗീയ യാഥാർഥ്യം വെളിപ്പെടുത്തിത്തന്ന ദൈവത്തിനു സ്തോത്രം ചെയ്യാം. ആത്മാവിൽ നിന്നു ജനിച്ചിരിക്കുന്നതിനാൽ നമുക്കിനി ദൈവരാജ്യത്തിന്റെ നിലവാരത്തിനു യോജിക്കുംവിധം ജീവിക്കാൻ ദൈവത്തിന്റെ കൃപയാലും പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനാലും കഴിയുമല്ലോ. ആദാമിനു നേരെ കൊട്ടിയടച്ച ദൈവരാജ്യത്തെ അവകാശമാക്കുവാൻ ആത്മാവിലെ ജനനത്താൽ നമ്മെ പ്രാപ്തരാക്കിയതിനാൽ നന്ദിയുള്ളവരായി ശിഷ്ടായുസ് കഴിപ്പാൻ ദൈവം ഏവരെയും സഹായിക്കട്ടെ. ●

# വീണ്ടുംജനനവും നിത്യജീവനും

**ലോ**കത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിൽ ഒന്നായി വിശേഷിപ്പിക്കപ്പെടുന്ന വീണ്ടുംജനനത്തെക്കുറിച്ച് യേശുക്രിസ്തു 2000 വർഷങ്ങൾക്ക് മുമ്പ് സംസാരിച്ചത് യെരുശലേമിലെ കുലീനനും ധനാഢ്യനുമായ നിക്കോദേമോസ് എന്ന യഹൂദാമത ഉപദേഷ്ടാവിനോട് ആയിരുന്നു. പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയില്ല എന്ന ദർശനത്തിന്റെ വ്യാപ്തിയും വ്യാഖ്യാനവും യേശു നിക്കോദേമോസിനോട് വിവരിച്ചത് സർവ്വമാനവർക്കുമുള്ള സദ്വർത്തമാനം ആയിരുന്നു. ഒരു വ്യക്തിയുടെ ജീവിതത്തെ സമ്പൂർണമായി രൂപാന്തരപ്പെടുത്തി അവന്റെ ആളത്വത്തെ പൂർണമായി പുതുക്കുന്ന ദൈവാത്മാവിന്റെ പ്രവർത്തനമാണ് വീണ്ടുംജനനം. വീണ്ടുംജനനം എല്ലാ അർത്ഥത്തിലും വിശുദ്ധ ജീവിതത്തിനായുള്ള സമഗ്രമായ സമർപ്പണമാണ്. പഴയ മനുഷ്യനെ ഊരിക്കളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുന്ന അനുഭവം. യേശുക്രിസ്തുവിന്റെ ഐഹിക ശുശ്രൂഷയുടെ പ്രധാന ദൗത്യം ഓരോ വ്യക്തിയുടെയും ദൈവരാജ്യ പ്രവേശനം ആയിരുന്നു. അതിനായി മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിക്കണം എന്ന് കർത്താവ് ആഹ്വാനം ചെയ്തു. ഈ സത്യത്തെ ശരിയായി ഉപദേശിക്കാത്ത സഭകളും കൂട്ടായ്മകളും ഏറെയുണ്ട്. പുതുജനനത്തിന്റെ മഹത്വം പൊയ്പ്പോയ ഒരു സമൂഹമായി ക്രൈസ്തവ സഭാവിഭാഗങ്ങൾ മാറ്റപ്പെടുമ്പോൾ രക്ഷിക്കപ്പെട്ടവരുടെ വരുംതലമുറകൾ വീണ്ടും ജനിക്കാത്തവരുടെ കൂട്ടമായി അവശേഷിക്കും എന്നത് ഗൗരവമായി കാണേണ്ട വസ്തുതയാണ്.

വീണ്ടുംജനനത്തെക്കുറിച്ച് പഠിപ്പിക്കുമ്പോൾ തന്നെയാണ് ക്രിസ്തു നിക്കോദേമോസിനെ പ്രപഞ്ചത്തിലെ പ്രധാന വാർത്തയായ നിത്യജീവന്റെ മഹത്വ വചനം ഓർമിപ്പിച്ചത്. യേശുക്രിസ്തുവിൽ പുതിയ സൃഷ്ടി ആകുന്നവർക്ക് ലഭിക്കുന്ന സൗഭാഗ്യമാണ് നിത്യജീവൻ. ഇപ്രകാരം നിത്യജീവൻ സ്വായത്തമാക്കിയവർക്ക് മാത്രമേ കാലത്തിന്റെ അനന്തതയായ നിത്യത മുഴുവൻ ദൈവവുമായുള്ള കൂട്ടായ്മയിൽ വസിക്കുവാൻ ഉള്ള മഹാഭാഗ്യം ലഭിക്കൂ. അതെ, ദൈവത്തിൽ നിന്നുള്ള അകൽച്ച നിത്യമരണത്തിനും ദൈവവുമായുള്ള കൂട്ടായ്മ നിത്യജീവനും ഹേതുവാകുന്നു എന്ന് വിശുദ്ധ പൗലോസ് തീത്തോസിനെ ഓർമ്മിപ്പിക്കുന്നതും ചിന്തനീയമാണ്.

ആകയാൽ, ഇന്നത്തെ സുവിശേഷ വിഹിത സഭകൾ അടിയന്തരമായി നിർവഹിക്കേണ്ട കാര്യം ചെറുപ്പക്കാർക്കും മുതിർന്നവർക്കുമായി വീണ്ടുംജനനത്തിന്റെ പുനർസന്ദേശം നൽകലാണ്. നിറവും ഗുണവും രുചിയും നഷ്ടപ്പെട്ട ഒരു ഉപദേശം മാത്രമായി സുവിശേഷത്തെ ഭാവിതലമുറ അണ്ടർമൈൻ ചെയ്യാതിരിക്കുവാൻ സുവിശേഷത്തിന്റെ അന്തഃസ്സത്തയായ വീണ്ടുംജനന അനുഭവത്തിന് നാം ഊന്നൽ നൽകണം, ജീവിതത്തിൽ പകർത്തണം.

**-എംസി**

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST

*Bank Account Details:*

**Righteous Path Publication Trust**
**A/c No. 0315053000011215**
**IFS Code: SIBL 0000315**

SOUTH INDIAN Bank

**KANJIKUZHY - KOTTAYAM**

**QR കോഡ് സ്കാൻ ചെയ്തു**
**Google Pay / PhonePe ചെയ്യാവുന്നതാണ്.**

**നേർവീഥി**
നിത്യതയ്ക്കൊരു വഴികാട്ടി

**നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...**

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

വാർഷിക വരിസംഖ്യ **200** രൂപ

RNI No. KERMAL/2012/46138
Date of Publishing 10.04.2022

NERVEEDHI - APRIL 2022
Annual Subscription ₹ 200.00
(Per copy ₹ 20.00)

## ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ























Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.